# പ്രതീക്ഷയുടെ പൂമൊട്ടുകൾ

വാല്യം 35 ലക്കം ഒക്ടോബർ 2017 വാർഷിക വരിസംഖ്യ ₹ 100




പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്



## ദൈവദാസൻ
## ബിഷപ് വില്യം ജക്വീന്താ

# പിതൃ മൊഴി

കർത്താവായ ഈശോയേ, പിതാവിന്റെ പരിപൂർണത യിൽ എത്തിച്ചേരുന്നതിനായി പരിശ്രമിക്കുവാനുള്ള അങ്ങ യുടെ തീക്ഷ്ണമായ ആഹ്വാനം ഞങ്ങൾ ശ്രവിച്ചു.

വിശുദ്ധിയിലേക്കുള്ള വിളി ഞങ്ങളുടെ ജീവിത യാത്രയെ പ്രകാശിപ്പിക്കുന്ന പ്രകാശവും ഞങ്ങൾ പരിശ്രമി ച്ചുകൊണ്ടിരിക്കുന്ന ലക്ഷ്യവുമായിത്തീർന്നിരിക്കുന്നു.

നാഥാ, ഞങ്ങളുടെ ജീവിതയാത്രയിൽ നിരന്തരം ഞങ്ങൾക്കനുഭവപ്പെടുന്ന ബുദ്ധിമുട്ടുകളെയും പ്രലോഭന ങ്ങളെയും ധൈര്യമില്ലായ്മയെയും അതിജീവിക്കുവാനുള്ള ശക്തി ഞങ്ങൾക്കു നല്കേണമേ.

ക്രൂശിതനായ ഈശോയേ, അങ്ങയിലേക്ക് ഞങ്ങളുടെ കണ്ണുകൾ ഉയർത്തുവാനും പരിശുദ്ധ കന്യകാമറിയത്തിന്റെ മാതൃസഹജമായ സഹായം അപേക്ഷിക്കുവാനും ഞങ്ങളെ സഹായിക്കണമേ.

കർത്താവേ, ഞങ്ങളുടെ ജീവിതം അങ്ങയുടെ സ്നേഹ ത്തിന്റെ വിളിക്ക് സ്നേഹത്തോടുകൂടിയ ഒരു മറുപടി യായും ഞങ്ങളുടെ സഹോദരങ്ങൾക്ക് സ്നേഹത്തിന്റെ ഒരു ക്ഷണമായും മാറ്റേണമേ. ആമ്മേൻ

പ്രതീക്ഷയുടെ
# പൂമൊട്ടുകൾ

വാല്യം 35 | പള്ളിക്കൂദാശാ ലക്കം | ഒക്ടോബർ 2017

"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം" (1 തെസ 4,3)

രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**അന്നമ്മ കുളത്തൂപുരയിടം എ.ഒ.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി തെരേസ് എ.ഒ.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**അനു കുരിശുംമൂട്ടിൽ എ.ഒ.**
**ജിസ കൂട്ടിയാനിക്കൽ എ.ഒ.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ്ജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**പ്രിൻസി മൈലാടിയിൽ എ.ഒ.**
**മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**ഷീലമ്മ പൂതക്കുഴി എ.ഒ.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**ലിജോ കരിന്തകരയ്ക്കൽ എ.ഒ.**

**വാർഷിക വരിസംഖ്യ ₹ 100/-**

പ്രിന്റിംഗ്:
വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം. **Tel: 2570862**
Email: wigipress@gmail.com

**പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്**
**സ്പിരിച്ചാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ.**
**കോട്ടയം 686 018**
**ഫോൺ: 9497588192, 0481-2578192**
**Email: psmktm@gmail.com**

## ഉള്ളടക്കം

- ദൈവത്തിന്റെ കൂടാരം നമ്മോടുകൂടെ 05
- സഭ: മിശിഹായുടെ മഹത്ത്വത്തിൽ പങ്കുചേരുന്ന സമൂഹം 07
- വിരുന്ന് 10
- അഖിലേശ്വരനായ് 11
- സ്നേഹത്തിന്റെ പാത 12
- നെന്നോലീനാ 14
- സെനക്കിൾ തരംഗം 17
- വിശുദ്ധിയുടെ മുത്തുകൾക്ക് 18-19
- വിശ്വാസവും ഭക്തിയും 20
- സീറോ മലബാർ സഭാചരിത്രത്തിലെ നിർണായക നിമിഷം 24
- വാക്കിന്റെ ശക്തി ഇത്രയുമോ? 27
- നാളയെക്കുറിച്ച് ഉൽക്കണ്ഠപ്പെടാതിരിക്കുക 29
- കുഞ്ഞിക്കിളിയും കൂട്ടുകാരും 31
- അമ്മയോടൊപ്പം അനുഗ്രഹവഴിയേ 34

എഡിറ്റോറിയൽ

# സ്വർഗമുണ്ടോ?

മനുഷ്യബുദ്ധിക്ക് പൂർണമായി മനസ്സിലാക്കാനാവാത്തതൊന്നും യാഥാർത്ഥ്യമല്ല, അങ്ങനെയുള്ളവയ്ക്കൊന്നും അസ്തിത്വമില്ല എന്ന ചിന്തകൾക്ക് മനുഷ്യചരിത്രത്തോളംതന്നെ പഴക്കമുണ്ട്. കാലാകാലങ്ങളിൽ അവ, ചില വ്യക്തികളിലൂടെയും ചിന്താധാരകളിലൂടെയും ദൈവനിഷേധമായി രൂപം പ്രാപിച്ചിട്ടുമുണ്ട്. ഇല്ല എന്നു തങ്ങൾ കരുതുന്നതിനെപ്പറ്റി നാസ്തികന്മാർ ചിന്തിക്കുന്നു, തങ്ങളുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്തുന്നു എന്നതുതന്നെ വിരോധാഭാസമാണല്ലോ!

സ്വർഗത്തെയും ശുദ്ധീകരണസ്ഥലത്തെയും നരകത്തെയുംകുറിച്ചുള്ള പരാമർശങ്ങൾ വി. ഗ്രന്ഥത്തിൽ നാം കാണുന്നുണ്ടല്ലോ. ആദിമകാലം മുതൽതന്നെ തിരുസ്സഭാമാതാവ് വിശുദ്ധരായ പിതാക്കന്മാരിലൂടെയും ആധികാരികമായ മറ്റു പല രേഖകളിലൂടെയും അവയെപ്പറ്റിയുള്ള വിശദീകരണങ്ങൾ മക്കൾക്ക് വിശദീകരിച്ചു നല്കുന്നുമുണ്ട്. എന്നിട്ടും അവ ഉൾക്കൊള്ളുവാനും അവയനുസരിച്ച് ജീവിതം ക്രമീകരിക്കുവാനും ശ്രമിക്കാത്ത 'വിശ്വാസി'കൾ ഇന്നുമുണ്ട്. അതീന്ദ്രിയമായവയെ ദർശിക്കാൻ അതീന്ദ്രിയമായ മാധ്യമംതന്നെ വേണം. വിശ്വാസനയനങ്ങൾകൊണ്ടുമാത്രമേ ഈ ലോകത്തിനപ്പുറമുള്ള യാഥാർത്ഥ്യങ്ങൾ കാണുവാൻ കഴിയുകയുള്ളൂ. നിത്യമായ ജീവിതത്തെക്കുറിച്ചുള്ള പ്രത്യാശയാണ് അനുദിന ജീവിതവ്യാപാരങ്ങളിൽ നമ്മെ നയിക്കേണ്ടത്. അങ്ങനെയായാൽ ഈ ജീവിതകാലത്തുതന്നെ സ്വർഗം നമുക്ക് അനുഭവിച്ചുതുടങ്ങാൻ സാധിക്കും.

മിശിഹാ തന്റെ മണവാട്ടിയായ സഭയെ - വിശ്വാസികളുടെ സമൂഹത്തെ - പിതാവിനു സമർപ്പിക്കുന്ന മഹത്ത്വപൂർണമായ ദിനങ്ങൾ ധ്യാനിക്കുവാനും മുൻകൂട്ടി അനുഭവിക്കുവാനും നമ്മെ ഓർമ്മിപ്പിക്കുന്ന കാലഘട്ടമായ പള്ളിക്കൂദാശാക്കാലത്തിലേക്ക് നാം പ്രവേശിച്ചിരിക്കുകയാണ്. സ്വർഗീയമഹത്ത്വത്തെ ധ്യാനിക്കുവാനും മഹത്ത്വപൂർണമായ ആ ദിനങ്ങളിലേക്കു വേണ്ട സമ്പാദ്യങ്ങൾ നേടുവാനും ഈ കാലഘട്ടം നമ്മെ ഒരുക്കട്ടെ.

**ചീഫ് എഡിറ്റർ**

# ദൈവത്തിന്റെ കൂടാരം നമ്മോടുകൂടെ



**സി. മറിയമ്മ നെല്ലിയാനിയിൽ**
**ബേസ് തോമാ ദയറാ, പാലമറ്റം**

**മി**ശിഹായുടെ മനുഷ്യാവതാരത്തിൽ പങ്കുചേർന്നുകൊണ്ട് ദൈവജനം ആരംഭിക്കുന്ന വിശ്വാസതീർത്ഥാടനം തിരുസ്സഭയുടെ സ്വർഗ്ഗീയ മഹത്ത്വത്തിൽ പൂർത്തിയാകുംവിധ മാണ് പൗരസ്ത്യസുറിയാനി 'ആരാധനാവത്സരം' സംവിധാനം ചെയ്തിരിക്കുന്നത്. ഈ വത്സ രത്തിലെ അവസാനത്തെ നാല് ആഴ്ചകൾ, അതായത് മംഗലവാർത്തക്കാലത്തിന് തൊട്ടു മുൻപുള്ള നാല് ആഴ്ചകളാണ് 'പള്ളിക്കൂദാശക്കാലം' എന്നറിയപ്പെടുന്നത്. തന്റെ മണവാട്ടി യായ സഭയെ മിശിഹാ പിതാവായ ദൈവത്തിന് സമർപ്പിച്ചുകൊണ്ട് അവളെ സ്വർഗ്ഗീയ മഹ ത്ത്വത്തിലേക്കാനയിക്കുന്ന മഹനീയ രഹസ്യമാണ് ഈ കാലഘട്ടത്തിൽ നാം ധ്യാനിക്കുക.

പണ്ടു നടന്ന ഏതോ ഒരു ദൈവാലയപ്രതിഷ്ഠയുടെ തിരുനാളിനോടനുബന്ധിച്ചാണ് ഈ കാലത്തിന്റെ ആരംഭം എന്ന് കരുതപ്പെടുന്നു. ഏതു ദൈവാലയമാണെന്ന കാര്യത്തിൽ അഭിപ്രായവ്യത്യാസം ശക്തമായി തുടരുന്നു. 335-ൽ കോൺസ്റ്റന്റയിൻചക്രവർത്തിയുടെ കാലത്ത്




ഓറശ്ലേമിൽ കർത്താവിന്റെ കബറിടത്തിനു മുകളിൽ സ്ഥാപിച്ച ദൈവാലയത്തിന്റെ പ്രതിഷ്ഠയാണെന്ന അഭിപ്രായത്തിന് പൊതുവെ സ്വീകാര്യതയുണ്ട്. പള്ളിക്കൂദാശ ഒന്നാം ഞായറാഴ്ച സഭാസമർപ്പണത്തിരുനാൾ നാം ആഘോഷിക്കാറുണ്ട്. മിശിഹാ സ്വന്തം രക്തത്താൽ രക്ഷിച്ച സഭയെ, തന്റെ മണവാട്ടിയെ, അലംകൃതയാക്കി, മനോഹരിയാക്കി അഭിമാനപൂർവം ദൈവപിതാവിന് സമർപ്പിക്കുന്ന യുഗാന്ത്യരഹസ്യമാണ് ഈ തിരുനാളിന്റെ കാതൽ.

ഏഴാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഈശോയാബ് മൂന്നാമൻ കാതോലിക്കോസ് ആരാധനാവത്സരം നവീകരിച്ചപ്പോൾ താഴെപ്പറയുന്ന പഴയനിയമത്തിലെ നാല് ദൈവാലയ പ്രതിഷ്ഠകളെ അടിസ്ഥാനപ്പെടുത്തി ഈ കാലത്തിലെ നാല് ആഴ്ചകൾ ചിട്ടപ്പെടുത്തി:

1. മൂശെയുടെ സമാഗമ കൂടാരത്തിന്റെ പ്രതിഷ്ഠ
2. ഷിലോയിൽ ഇസ്രായേൽജനം പ്രതിഷ്ഠിച്ച സമാഗമ കൂടാരത്തിന്റെ പ്രതിഷ്ഠ
3. ശ്ലേമോന്റെ ദൈവാലയ പ്രതിഷ്ഠ
4. ശെലസേലിന്റെ പുത്രനായ സുർവാവേലും യോസാദാക്കിന്റെ പുത്രനായ ഈശോയും നിർമ്മിച്ച ബലിപീഠത്തിന്റെ പ്രതിഷ്ഠ.

പഴയനിയമത്തിൽ യാഹ്‌വേയ്ക്കായി നിർമ്മിച്ച കൂടാരത്തിന്റെ സ്ഥാനത്ത് സഭ പുതിയ നിയമത്തിൽ ത്രിത്വത്തിന്റെ കൂടാരമായി നിലകൊള്ളുന്നു. ഈ കാലത്തിലെ ഞായർ ലെലിയായിൽ നാം പ്രാർത്ഥിക്കുന്നുണ്ട്:

'ത്രിത്വം സദയം നിവസിച്ചീടും
ഭവനം നിത്യം സമ്പൂർണ്ണം'

പിതാവായ ദൈവം രൂപം നല്കിയ, പുത്രൻ അടിസ്ഥാനമുറപ്പിച്ച, റൂഹാദ്ക്കുദ്ശാ വിശുദ്ധീകരിച്ച സഭ, ഭൂമിയിൽ മനുഷ്യർക്കിടയിൽ പ്രകാശം പരത്തുന്ന ദൈവിക കൂടാരമാണ്; ത്രിത്വാലയമാണ്.

സഭ നമുക്ക് അമ്മയാണ്. ആ അമ്മയുടെ പരിരക്ഷണയിൽ വളരുന്ന നാം അവളുടെ മഹനീയ മാതൃത്വം നന്ദിപൂർവം ഓർക്കേണ്ട കാലമാണിത്. നമ്മുടെ പള്ളികളിൽ പ്രതിഷ്ഠിച്ചിരിക്കുന്ന മാമ്മോദീസാത്തൊട്ടി സഭയുടെ ഗർഭപാത്രമാണെന്നാണ് സഭാപിതാക്കന്മാർ വ്യാഖ്യാനിക്കുക. മാമ്മോദീസായിലൂടെ നമുക്ക് ജന്മം നല്കുന്ന നമ്മുടെ അമ്മയായ സഭ ദൈവവചനമാകുന്ന പാൽ നല്കി നമ്മെ പരിപോഷിപ്പിക്കുന്നു. നമ്മുടെ വളർച്ചയുടെ വിവിധ ഘട്ടങ്ങളിൽ കൂദാശകളിലൂടെ അവൾ നമ്മെ ശക്തിപ്പെടുത്തുന്നു. സഭയുടെ മാതൃത്വത്തെക്കുറിച്ച് ഫ്രാൻസിസ് മാർപാപ്പാ പറഞ്ഞ വാക്കുകൾ ആ അമ്മയുടെ മക്കളായ നമ്മുടെ ഉത്തരവാദിത്വം നമ്മെ ഓർമ്മിപ്പിക്കുന്നു.

"ഇതാണ് സഭ: തന്റെ ഹൃദയത്തിൽ മക്കളുടെ നന്മ കാക്കുന്നവൾ. നാം സഭയാണ്, അതുകൊണ്ട് സഭയുടെ ആർദ്രമായ മാതൃത്വം നമ്മുടെ സഹോദരരോട് കാട്ടുവാൻ നാം കടപ്പെട്ടിരിക്കുന്നു. അവരെ ഹൃദയപൂർവ്വം സ്വാഗതം ചെയ്തുകൊണ്ട് - അവരോട് ക്ഷമിച്ചുകൊണ്ട്.... അവരിൽ പ്രത്യാശ നിറച്ചുകൊണ്ട് നമുക്ക് അത് നിർവഹിക്കാം".

നാം ജീവിക്കുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ അമ്മയായ സഭ ലോകത്തിന്റെ പല ഭാഗത്തും പീഡിപ്പിക്കപ്പെടുകയാണ്. അതുകൊണ്ട് സഭയുടെ മടിയിൽ ഇരുന്ന് നമുക്ക് അവൾക്കുവേണ്ടി പ്രാർത്ഥിക്കാനും കടമയുണ്ട്.

"അജപാലകനാം കർത്താവേ
സഭയെക്കാത്തു ഭരിക്കേണം
കൃപയുടെ തണലിൽ നീയവളെ
സദയം കാത്തു വളർത്തേണം
(ഞായർ - റംശ)

# സഭ: മിശിഹായുടെ മഹത്ത്വത്തിൽ പങ്കുചേരുന്ന സമൂഹം

**സെനക്കിൾ ആദ്ധ്യാത്മികത - 45**



**മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ**

തന്റെ പുരോഹിതപ്രാർത്ഥനയിൽ ഈശോ ഇപ്രകാരം പ്രാർത്ഥിക്കുന്നു: "പിതാവേ, ലോകസ്ഥാപനത്തിനുമുമ്പ്, എന്നോടുള്ള അവിടുത്തെ സ്നേഹത്താൽ അങ്ങ് എനിക്കു മഹത്ത്വം നല്കി. അങ്ങ് എനിക്കു നല്കിയവരും അതു കാണാൻ ഞാൻ ആയിരിക്കുന്നിടത്ത് എന്നോടുകൂടെ അവരും ആയിരിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു" (യോഹ 17,24). തന്റെ ശിഷ്യന്മാരും സ്വർഗത്തിൽ തന്റെ മഹത്ത്വത്തിൽ പങ്കുചേരണമെന്നുള്ള ആഗ്രഹമാണ് ഈ പ്രാർത്ഥനയിൽ ഈശോ പ്രകടമാക്കുന്നത്. സഭ ആത്യന്തികമായി മിശിഹായുടെ മഹത്ത്വത്തിൽ പങ്കുചേരുവാൻ വിളിക്കപ്പെട്ടവരുടെ സമൂഹമാണ്.

## ദൈവത്തെ മഹത്ത്വപ്പെടുത്തുന്ന ജീവിതം

മിശിഹായുടെ മഹത്ത്വത്തിൽ പങ്കുചേരണമെങ്കിൽ, മിശിഹായെപ്പോലെ നാമും ദൈവത്തെ മഹത്ത്വപ്പെടുത്തുന്ന ജീവിതം നയിക്കണം. ഈശോ ദൈവത്തെ മഹത്ത്വപ്പെടുത്തുന്ന ഒരു ജീവിതമാണ് നയിച്ചത്: "അവിടുന്ന് എന്നെ ഏല്പിച്ച ജോലി പൂർത്തിയാക്കിക്കൊണ്ട് ഭൂമിയിൽ അവിടുത്തെ ഞാൻ മഹത്ത്വപ്പെടുത്തി" (യോഹ 17,4). ദൈവം തന്റെ പുത്രനെ എന്തിനായി ഭൂമിയിലേക്കയച്ചുവോ, ആ ജോലി നിർവഹിച്ചുകൊണ്ടാണ് പുത്രൻ പിതാവിനെ മഹ

ത്ത്വപ്പെടുത്തിയത്. ശിഷ്യന്മാരുമായുള്ള സംഭാഷണത്തിൽ ഈശോ പറയുന്നു: “എന്നെ അയച്ചവന്റെ ഇഷ്ടം പ്രവർത്തിക്കുകയും അവന്റെ ജോലി പൂർത്തിയാക്കുകയുമാണ് എന്റെ ഭക്ഷണം” (യോഹ 4,34). ദൈവമാണ് ഓരോ മനുഷ്യനെയും ലോകത്തിലേക്ക് അയയ്ക്കുന്നത്. ആ ദൈവഹിതത്തിനനുസൃതമായി ജീവിച്ചുകൊണ്ടും ദൈവം ഏല്പിക്കുന്ന ജോലി ചെയ്തുകൊണ്ടുമാണ് മനുഷ്യർക്കു ദൈവത്തെ മഹത്ത്വപ്പെടുത്തുവാൻ സാധിക്കുന്നത്. അപ്രകാരം ഓരോ നിമിഷവും ദൈവവിചാരത്തിൽ ജീവിച്ച്, ദൈവഹിതത്തിനനുസൃതമാണെന്ന് ഉറപ്പുവരുത്തി ജീവിക്കുമ്പോഴാണ് നാം ദൈവത്തെ മഹത്ത്വപ്പെടുത്തുന്ന ജീവിതം നയിക്കുന്നത്.

## ദൈവത്തിന്റെ നാമം വെളിപ്പെടുത്തുന്ന ജീവിതം

ഈശോ ഇപ്രകാരം പ്രാർത്ഥിക്കുന്നു: “ലോകത്തിൽനിന്ന് അവിടുന്ന് എനിക്കു നല്കിയവർക്ക് അവിടുത്തെ നാമം ഞാൻ വെളിപ്പെടുത്തി” (യോഹ 17,6). ലോകത്തിൽ ദൈവം നമുക്കു തരുന്നവർക്ക് ദൈവത്തിന്റെ നാമം വെളിപ്പെടുത്തുവാൻ നമുക്കു കഴിയണം. ലോകത്തിൽ നമ്മോടു ബന്ധപ്പെടുന്നവരെയെല്ലാം ദൈവം നമുക്കു തരുന്നവരായി കരുതണം. അവർക്കെല്ലാം ദൈവത്തെ വെളിപ്പെടുത്തുവാനുള്ള ഒരു ദൗത്യം നമുക്കുണ്ട്. ദൈവം പരിശുദ്ധനാണ് (ലേവ്യ 11,44-45; 1 പത്രോ 1,15-16). പരിശുദ്ധരായി ജീവിച്ചുകൊണ്ട് നമ്മോടു ബന്ധപ്പെടുന്നവർക്ക് ദൈവത്തിന്റെ പരിശുദ്ധി നാം വെളിപ്പെടുത്തണം. ദൈവം സ്നേഹമാണ് (1 യോഹ 4,8.16). നമ്മോടു ബന്ധപ്പെടുന്നവരെ സ്നേഹിച്ചുകൊണ്ട് അവർക്കു നാം ദൈവത്തിന്റെ സ്നേഹം വെളിപ്പെടുത്തണം. ഇപ്രകാരം വിശുദ്ധിയുടെയും സ്നേഹത്തിന്റെയും ജീവിതം നയിച്ചുകൊണ്ടാണ് ദൈവത്തിന്റെ നാമം നമ്മോടു ബന്ധപ്പെടുന്നവർക്ക് നാം വെളിപ്പെടുത്തേണ്ടത്.

## ദൈവത്താൽ മഹത്ത്വീകരിക്കപ്പെടുന്ന ജീവിതം

ഈശോ തന്റെ പുരോഹിതപ്രാർത്ഥനയിൽ ഇപ്രകാരം പ്രാർത്ഥിക്കുന്നു: “പിതാവേ, സമയമായിരിക്കുന്നു. പുത്രൻ അവിടുത്തെ മഹത്ത്വപ്പെടുത്തേണ്ടതിന് പുത്രനെ അങ്ങ് മഹത്ത്വപ്പെടുത്തണമേ” (യോഹ 17,1). പുത്രന്റെ മഹത്ത്വീകരണമെന്നു പറയുന്നത് അവിടുത്തെ പീഡാനുഭവവും മരണവും






ഉത്ഥാനവുമാണ്. അവയെ ദൈവഹിതപ്രകാരം സ്വീകരിച്ച്, അവയിലൂടെ കടന്നുപോയിക്കൊണ്ടാണ് ഈശോ മഹത്ത്വീകരിക്കപ്പെട്ടത്. നമുക്കും ഇതുപോലെയുള്ള സഹനങ്ങൾ ജീവിതത്തിൽ ദൈവം അനുവദിക്കും. അവയെ ദൈവഹിതപ്രകാരം നേരിടുവാൻ നമുക്കു കഴിയണം. ദൈവഹിതപ്രകാരം ജീവിക്കുവാൻ ശ്രമിക്കുമ്പോൾ നമ്മുടെ ഹിതപ്രകാരമുള്ള പലതും നാം ത്യജിക്കേണ്ടി വരും. അതാണ് സഹനത്തിനു വഴിയൊരുക്കുന്നത്. ഈ സഹനജീവിതത്തെ നമ്മുടെ മഹത്ത്വീകരണപ്രക്രിയയായി കണ്ടുകൊണ്ട് ഈശോയോടു ചേർന്നു ജീവിക്കുവാൻ നമുക്കു കഴിയണം.

**ദൈവസ്നേഹത്തിൽ വ്യാപരിക്കുന്ന ജീവിതം**

ഈശോ വീണ്ടും പ്രാർത്ഥിക്കുന്നു: "അങ്ങ് എന്നെ സ്നേഹിച്ചതുപോലെതന്നെ അവരെയും സ്നേഹിച്ചുവെന്നും ലോകം അറിയട്ടെ" (യോഹ 17,23). ദൈവപിതാവ് തന്റെ പുത്രനെ സ്നേഹിച്ചതുപോലെ നമ്മെയും സ്നേഹിക്കുന്നുവെന്ന് ലോകം അറിയണം. പിതാവു പുത്രനു നല്കിയ സ്നേഹം നമ്മിൽ ഉണ്ടാകണമെന്നും ഈശോ പ്രാർത്ഥിക്കുന്നുണ്ട് (യോഹ 17,26). അതുകൊണ്ടു ദൈവത്തിനു നമ്മോടുള്ള സ്നേഹത്തിൽ നാം വിശ്വസിക്കണം. യോഹന്നാൻ തന്റെ ലേഖനത്തിൽ ഇപ്രകാരം പറയുന്നു: "ദൈവത്തിനു നമ്മോടുള്ള സ്നേഹം നാം അറിയുകയും അതിൽ വിശ്വസിക്കുകയും ചെയ്തിരിക്കുന്നു" (1 യോഹ 4,16). ദൈവത്തിന്റെ സ്നേഹം അനുദിന ജീവിത സാഹചര്യങ്ങളിലും അനുഭവങ്ങളിലും തിരിച്ചറിഞ്ഞ് ശക്തിയാർജ്ജിച്ച് ആ സ്നേഹം എല്ലാ സാഹചര്യങ്ങളിലും മറ്റുള്ളവരുമായി പങ്കുവച്ചുകൊണ്ട് ജീവിക്കുവാൻ നമുക്കു കഴിയണം. അപ്പോഴാണ് പിതാവു പുത്രനു നല്കിയ സ്നേഹം നമ്മിലുണ്ടാകുന്നത്. അപ്പോൾ നാം മിശിഹായോടൊന്നിച്ച് മഹത്ത്വത്തിന്റെ പാതയിൽ ചരിക്കുന്നവരുമാകും.



**നിന്നെയും വിളിക്കുന്നു.....**

- നിന്റെ സ്നേഹം ആവശ്യമുള്ള ഒരു ലോകത്തിലേക്ക്....
- വിശുദ്ധിയിലേക്ക് നമ്മെ വിളിച്ചിരിക്കുന്ന ദൈവപിതാവിന്റെ വ്യവസ്ഥയില്ലാത്ത സ്നേഹം വചനാനുഭവത്തിലൂടെ പങ്കുവയ്ക്കുവാൻ....
- കർമ്മമാർഗ്ഗത്തിലൂടെ ഈശ്വരാനുഭവത്തിലേക്ക് മനുഷ്യമക്കളെ കൂട്ടിക്കൊണ്ടുവരാൻ....

**ഇതാ നിന്റെ മുമ്പിൽ വെല്ലുവിളിയുടെ ഒരു ജീവിതം....**

**Vocation Promoter, Apostolic Oblates, Spirituality Centre**
**Manganam P.O., , Kottayam - 686 018, Ph: 0481-2578192**

പ്രതീക്ഷയുടെ
പൂമൊട്ടുകൾ

# വിരുന്ന്



**ഷിനി തെരേസ് മുതുപ്ലാക്കൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

ഇത് സഭാസമർപ്പണത്തിന്റെ കാലം... സ്വർഗരാജ്യത്തിലെ വിരുന്നിന്റെ മുന്നാസ്വാദനം നടത്തുന്ന കാലം... "ദൈവരാജ്യത്തിൽ അപ്പം ഭക്ഷിക്കുന്നവൻ ഭാഗ്യവാൻ" (ലൂക്കാ 14,16) എന്ന സ്വരത്തിനു പിന്നാലെ ഒഴുകിയെത്തിയത് വിരുന്നിന്റെ ഉപമ... ക്ഷണിക്കപ്പെട്ടിട്ടും സദ്യയിക്കു സമയമായപ്പോൾ ജീവിതവ്യഗ്രതയാൽ അത് ആസ്വദിക്കാൻ കഴിയാതെ പോയ ഹതഭാഗ്യർ... സമ്പത്തും കുടുംബബന്ധങ്ങളും സ്വർഗീയയാത്രയ്ക്കുള്ള ഉപാധികളാക്കുന്നതിനു പകരം നിത്യജീവന്റെ പുണ്യവഴിയിൽ തടസ്സം സൃഷ്ടിക്കുന്ന അവസ്ഥ! ക്ഷണിക്കപ്പെട്ടിട്ടും വിരുന്നാസ്വദിക്കാനാവാത്തവരെക്കുറിച്ചുള്ള മുന്നറിയിപ്പായി, ഉപമയുടെ അവസാനം മുഴങ്ങിയ ഗുരുമൊഴി... 'ക്ഷണിക്കപ്പെട്ട ഒരുവനും എന്റെ വിരുന്ന് ആസ്വദിക്കുകയില്ല' (ലൂക്കാ 14,24).

അതിഥിക്കും ആതിഥേയനും നിർദ്ദേശങ്ങൾ നല്കാൻ അവിടുന്ന് മറന്നില്ല. "തന്നെത്തന്നെ ഉയർത്തുന്നവൻ താഴ്ത്തപ്പെടും; തന്നെത്തന്നെ താഴ്ത്തുന്നവൻ ഉയർത്തപ്പെടും" (ലൂക്കാ 14,11) എന്ന തിരുവചനം അനുദിന ജീവിതവ്യാപാരങ്ങളിൽ മറവിയുടെ മാറാപ്പിൽ മറയ്ക്കാനുള്ളതല്ല. 'വിരുന്നി'നു ക്ഷണിക്കപ്പെടുമ്പോൾ പ്രമുഖ സ്ഥാനങ്ങൾ കൈയടക്കാതിരിക്കാനും വിരുന്നുമേശയിൽ വിളമ്പുന്നതെല്ലാം സന്തോഷപൂർവം സ്വീകരിക്കുവാനും ഓർമ്മിക്കാം.

കവിത

# അഖിലേശ്വരനായ്

ദേവി മേനോൻ (റോസ് മരിയ)
ബംഗളൂരു

അഖിലേശ്വരനായ് എൻ അഖിലവും കാഴ്ചവയ്ക്കുന്നു ഞാൻ....
ആനന്ദരൂപനായ് എൻ അകതാരിൽ വിളങ്ങാൻ ഹൃദയമൊരു ബലിപീഠമാക്കി ഞാൻ...
അനുതാപമോടെ എന്റെ ഹൃദയമാം ഓസ്തിയിൽ അങ്ങയെ വാഴ്ത്തുന്നു ഞാൻ...
ആത്മാവിൽ എൻ ഹൃദയേശ്വരനായ് അർപ്പിപ്പൂ നിത്യം ആരാധന...
ഇത്രത്തോളമെന്നെ പ്രിയമായി കരുതാൻ എന്നാത്മനാഥാ
അങ്ങേക്കെന്തു ഞാൻ നല്കി...
ഇഹലോകജീവിതം ഇതിഹാസമായി തീരാൻ, സുവിശേഷത്തിൻ
സാക്ഷിയാക്കണെ എൻ ജന്മം...
ഇടമുറിയാതെ ആ തിരുഹൃദയത്തിൽ പാർക്കാൻ,
ഇഛാനുസാരിയായി തീർക്കണേ എന്നെ...
ഇഷ്ടത്തോടെ ഇടയൻ സ്വന്തമാക്കിയ ഇസ്രായേലായി തീരട്ടെ ഞാൻ..
ഉണ്മയോടെ എൻ കർത്തനെ സ്നേഹിച്ചു
ഉൽകൃഷ്ടമാവട്ടെ എൻ ദിനരാത്രങ്ങൾ...
ഉച്ഛ്വാസവായുവാൽ ദൈവാത്മാവിനെ നല്കി എന്നെ ഉജ്വലിപ്പിക്കേണമേ...
ഉരുകുമെന്നാത്മാവിനു ഉണർവേകാൻ എന്നുണ്ണിയായി എപ്പോഴും ചാരത്തിരിക്കണേ...
ഉണർവോടെ നിത്യവും അങ്ങേക്കായി മാത്രം ഉത്തമഗീതം പാടാൻ
എന്നെ വിശുദ്ധിയിൽ കാക്കേണമെ...
ഓശാന പാടും മുൻപേ ഓമനയായ് എന്നെ നെഞ്ചോടു ചേർത്ത നാഥാ..
ഒത്തിരി സ്നേഹത്തോടെ ആ ചങ്കിൽ ചേർന്നിരിക്കാൻ എനിക്ക് കൃപയേകണേ...
ഒന്നുമില്ലായ്കയിൽ എൻ ഒപ്പമായി നിന്ന് എന്നെ ഒന്നാമതാക്കിയ ഈശോയെ....
ഒട്ടും കുറയാതെ ഒട്ടും മറക്കാതെ എന്നേക്കും ഞാൻ അങ്ങിൽ ഒന്നായിരിക്കേണമേ...

---

നിന്റെ ജീവിതത്തിന്റെ വിരുന്നുമേശകളിൽ വിളമ്പാൻ പലരുണ്ടാകും - പലതും വിളമ്പാനുമുണ്ടാകും. അവരിൽ പലരുടെയും സാന്നിദ്ധ്യവും അവർ വിളമ്പുന്ന വിഭവങ്ങളുടെ സ്വാദും നിനക്കിഷ്ടമുള്ളതാവണമെന്നില്ല. തിരസ്കരണം, ദ്രോഹം, അക്ഷമ, കോപം, സ്നേഹക്കുറവ്, വഞ്ചന, ചതി, അക്രമം എന്നിങ്ങനെ പല വിഭവങ്ങളും നിന്റെ വിരുന്നുമേശയിലെ വിഭവങ്ങളാകാൻ സാധ്യതയുണ്ട്. എല്ലാം സ്വീകരിക്കുക; ശാന്തതയോടെ...

ഒന്നോർക്കുക... നീ ഒരുക്കുന്ന വിരുന്നുശാലയിൽ മറ്റുള്ളവർക്കു സ്വീകരിക്കാൻ ബുദ്ധിമുട്ടുള്ള വിഭവങ്ങൾ സ്ഥാനംപിടിക്കാൻ ഒരിക്കലും അനുവദിക്കരുത്. അവിടെ സന്തോഷത്തിന്റെയും സംതൃപ്തിയുടെയും സമാധാനത്തിന്റെയും സേവനത്തിന്റെയും സ്വാദുള്ള വിഭവങ്ങൾ മാത്രമേ ഉണ്ടാകാവൂ... അന്തിമവിരുന്നിൽ നിനക്കും അത് ആസ്വദിക്കാനാകും.




# സ്നേഹത്തിന്റെ പാത കാരുണ്യത്തിന്റെയും പാതയാണ്

കാരുണ്യവും കഷ്ടതയും - 7



**ഡോ. സെബാസ്റ്റ്യൻ തുണ്ടത്തിക്കുന്നേൽ വി.സി.**
**സുപ്പീരിയർ ജനറാൾ, ഇടപ്പള്ളി**

ജൂബിലി വർഷത്തിൽ എല്ലാ ദൈവാലയങ്ങളിലും നാം കരുണയുടെ വാതിൽ തുറന്നു. ഇത് പ്രതീകാത്മകമായ പ്രവൃത്തിയായിരുന്നു. ഒരിക്കലും അടയ്ക്കപ്പെടാത്ത ഒരു കാരുണ്യകവാടമായി നമ്മുടെ ഹൃദയം നിലനിർത്തുന്നതിനുവേണ്ടിയുള്ള ഒരു പ്രതീകാത്മപ്രവൃത്തിയാണ് ഈ അനുഷ്ഠാനത്തിലൂടെ നാം അവതരിപ്പിച്ചത്. വിശ്വസ്തതയോടും ആനന്ദത്തോടുംകൂടി ദിനംപ്രതി ഹൃദയത്തിന്റെ കാരുണ്യകവാടം മലർക്കെ തുറന്നിടുവാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. പിതൃഭവനത്തിലേക്കുള്ള യാത്രയിൽ സഹയാത്രികരുടെ കരം പിടിക്കുവാനായി സന്നദ്ധരാകുന്ന കാരുണ്യഭാവം നാം സ്വായത്തമാക്കണം.

വി. വിൻസെന്റ് ഡി പോൾ, പരസ്നേഹപ്രവർത്തനങ്ങളുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥൻ, നമ്മെ പഠിപ്പിച്ചു: ''ദൈവത്തെപ്രതി അയൽക്കാരനെ സ്നേഹിക്കുക, അയൽക്കാരനെപ്രതി ദൈവത്തെയും''. ഇതേ ആശയംതന്നെയാണ് "കാരുണ്യവും കഷ്ടതയും" എന്ന അപ്പസ്തോലിക ലേഖനത്തിന് ഫ്രാൻസിസ് മാർപാപ്പായും ചൂണ്ടിക്കാണിക്കുന്നത്: "ക്രിസ്തുവിനോടുള്ള സാമീപ്യത്തിനായുള്ള ആഗ്രഹം, നമ്മുടെ സഹോദരീസഹോദരന്മാരുടെ അടുത്തേക്കു ചെല്ലുവാൻ നമ്മോട് ആവശ്യപ്പെടുന്നു" (No. 16).

കാരുണ്യത്തിന്റെ പവിത്രമായ പ്രവർത്തനങ്ങൾ അനേകരെ സഭയോട് അടുപ്പിക്കുവാൻ സഹായിക്കും എന്നതാണ് മാർപാപ്പായുടെ നിരീക്ഷണം. അതിനാൽ ഓരോ ദിവസവും പരസ്യമല്ലാത്തതും സൗമ്യവുമായ ചെയ്തികളിലൂടെപോലും കരുണ നാം പ്രകാശിതമാക്കണം. നന്മയുടെയും അലിവിന്റെയും ഒട്ടേറെ സമൂർത്ത പ്രവൃത്തികൾ ദുർബലർക്കും ഏകാന്തത അനുഭവിക്കുന്നവർക്കും പരിത്യർക്കും ആശ്വാസപ്രദമാണ്. അവർക്ക് ദൈവത്തിന്റെ സാന്നിധ്യവും സാമീപ്യവും അനുഭവവേദ്യമാക്കുന്നതിന് നമ്മുടെ കാരുണ്യപ്രവൃത്തികൾ ഉപകരിക്കും. കാരുണ്യം രണ്ടു ഹൃദയങ്ങൾ തമ്മിലുള്ള നേർക്കാഴ്ചയാണ് – ദൈവത്തിന്റെ ഹൃദയവും മനുഷ്യഹൃദയവും. ഇവിടെ മനുഷ്യഹൃദയം ദൈവത്തിന്റെ ഹൃദയത്താൽ സുഖപ്പെടുത്തപ്പെടുന്നു; ശിലാഹൃദയങ്ങൾ മാംസളഹൃദയങ്ങളായി മാറുന്നു. അങ്ങനെ പുതുസൃഷ്ടിയാകുന്ന മനുഷ്യൻ, “ഞാൻ സ്നേഹിക്കപ്പെട്ടു, അതിനാൽ ഞാൻ നിലനിൽക്കുന്നു; ഞാൻ ക്ഷമിക്കപ്പെട്ടു, അതിനാൽ ഞാൻ വീണ്ടും ജനിച്ചു; എന്നോടു കരുണ കാണിക്കപ്പെട്ടു. അതുകൊണ്ടു ഞാൻ ഒരു കാരുണ്യപാത്രമായി” (No. 16) എന്ന ബോധ്യത്തിലേക്കു വളരുന്നു. ഈ ബോധ്യം പാവപ്പെട്ടവരോടും ദുഃഖിതരോടും നിരന്തര സഹാനുഭാവവും ഉപവിയും പ്രദർശിപ്പിക്കുന്നതിന് ഒരുവനെ പ്രാപ്തനാക്കുന്നു.

ആധുനികകാലഘട്ടത്തിൽ ഭക്ഷിക്കുവാൻ ഒന്നുമില്ലാത്തവരും അഭയാർത്ഥികളും രോഗികളും തടവറയിൽ കഴിയുന്നവരും കഷ്ടപ്പാടുകൾ അനുഭവിക്കുന്നവരും അടിമത്തങ്ങളിൽ കഴിയുന്നവരും നിരക്ഷരരായ കുഞ്ഞുങ്ങളും ഒക്കെയുണ്ട്. വ്യക്തിവാദവും യുക്തിവാദവും മാറ്റിവച്ച് മറ്റുള്ളവരോടുള്ള ഉത്തരവാദിത്വവും ഐക്യദാർഢ്യവും നാം പ്രകടമാക്കണം. അതിനായി ദൈവാനുഭവം സ്വന്തമാക്കുകയും ജീവന്റെ മഹത്ത്വം അംഗീകരിക്കുകയും വേണം. അതോടൊപ്പം ശാരീരികവും ആത്മീയവുമായ കാരുണ്യപ്രവൃത്തികൾ ഒരു സാമൂഹികമൂല്യമായി നമുക്ക് സ്വായത്തമാക്കുകയും ചെയ്യാം.



പ്രതീക്ഷയുടെ പൂമൊട്ടുകൾ

# നെന്നോലീനാ......

**ജിജി പുല്ലത്തിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**



കുടുംബയോഗത്തിലെ കലാപരിപാടികൾക്കായി തിരശ്ശീല ഉയർന്നു...

"എന്റമ്മേടെ ജിമിക്കികമ്മൽ
എന്റപ്പൻ കട്ടോണ്ടുപോയി..
എന്റപ്പന്റെ ബ്രാണ്ടികുപ്പി
എന്റമ്മ കുടിച്ചുതീർത്തേ...."

അഞ്ചും ആറും വയസ്സുള്ള പൊന്നാമനകൾ ആവേശത്തോടെ ആടിപ്പാടി അരങ്ങുണർത്തുകയാണ്... മക്കളുടെ കലാപ്രകടനത്തിൽ മതിമറന്നിരിക്കുന്ന മാതാപിതാക്കൾ... രംഗം കൊഴുപ്പിക്കാനായി ചില മാതാപിതാക്കൾ കുഞ്ഞുങ്ങളുടെ കയ്യിൽ ബ്രാണ്ടികുപ്പി കൊടുത്തു!!!

കുപ്പിയും കുടിയുമായി മക്കളോടൊപ്പം മാതാപിതാക്കളും അരങ്ങു തകർത്തു....

ആറു വയസ്സാകുമ്പോൾ കുഞ്ഞിന്റെ സ്വഭാവം രൂപവൽക്കരിക്കപ്പെട്ടു എന്ന് ആധുനിക പഠനങ്ങൾ തെളിയിക്കുമ്പോൾ അറിയാതെ ആകുലചിന്തകൾ മനസ്സിൽ ഓടിയെത്തി....

ബാല്യത്തിലേ ഇവർക്കു നൽകുന്ന പരിശീലനം ഇങ്ങനെയായാൽ ഇവരുടെ കൗമാരവും യൗവ്വനവും എങ്ങനെയായിരിക്കും...???

എന്റെ പ്രിയ നെന്നോലീനാ... മലയാളക്കരയിലെ മാതാപിതാക്കൾക്കും മക്കൾക്കുമായി നിന്റെ ജീവിതത്തിന്റെ തിരശ്ശീല ഞാനൊന്നുയർത്തട്ടെ...

ദൈവദാസപദവിയിലേക്കുയർത്തപ്പെട്ട നെന്നോലീനാ... മോളെ... 7 വർഷമല്ലേ നീ ഈ ലോകത്തിൽ ജീവിച്ചുള്ളൂ... പക്ഷേ 7 വർഷങ്ങൾക്കൊണ്ട് നീ കർത്താവിന്റെ ഓമനയായി...

അഞ്ചാമത്തെ വയസ്സിൽ നിന്നെ കാർന്നുതിന്ന ബോൺ കാൻസർ എന്ന മാരകരോഗത്തെ എത്ര സ്നേഹത്തോടെയാണ് നീ സ്വീകരിച്ചത്...

1930 ഡിസംബർ 15-ാം തീയതി റോമിലെ കുലീന കുടുംബത്തിൽ സമ്പന്നതയുടെ മടിത്തട്ടിൽ... നെന്നോലീനാ എന്നറിയപ്പെട്ട അന്റോണിത്തയോ..... ആനന്ദമായിരുന്നു നിനക്കെപ്പോഴും അല്ലേ...? അധ്യാപകരൊക്കെ നിന്നെപ്പറ്റി പറഞ്ഞു:

“സ്വർഗ്ഗത്തിൽ നിന്നും വന്ന മാലാഖ...”

ബോൺ കാൻസർ!!! അസ്ഥി തുളയുന്ന വേദന അനുഭവപ്പെട്ടപ്പോഴും അസുഖത്തെ ആനന്ദമാക്കിയ ആരോമലേ.... ഒരു പനി വരുമ്പോഴേ പരാതിയുടെ ഭാണ്ഡക്കെട്ടുകളുമായി ആജീവനാന്തം അസ്വസ്ഥരായി ജീവിക്കുന്ന അനേകരുടെ മുന്നിൽ വെല്ലുവിളി ഉണർത്തുന്നതാ നിന്റെ ജീവിതം... അതികഠോര വേദനയെത്തുടർന്ന് ഓപ്പറേഷനു വിധേയമായപ്പോഴും നിന്റെ കുഞ്ഞധരങ്ങൾ ഏറ്റു ചൊല്ലി.., ‘‘ഈശോ ഞാൻ നിന്നെ സ്നേഹിക്കുന്നു’’. ശസ്ത്രക്രിയയ്ക്ക് നിന്നെ വിധേയയാക്കിയ ശസ്ത്രക്രിയാ വിദഗ്ദ്ധരെപ്പോലും അത്ഭുതപ്പെടുത്തുന്നതായിരുന്നു നിന്റെ ആത്മസംയമനം!!



മോളേ..... ഈശോയെ സ്വീകരിക്കാനുള്ള നിന്റെ അതിയായ ആഗ്രഹം ബൊനവന്തുരാ അച്ചന് നന്നായി അറിയാമായിരുന്നു. അതുകൊണ്ടല്ലേ അദ്ദേഹം മുൻകൈയെടുത്ത് ആദ്യകുർബാന സ്വീകരിക്കുന്ന പ്രായത്തിനു മുൻപേ മോൾക്ക് വി. കുർബാന നൽകാൻ ഒരുങ്ങിയത്. 1936 സെപ്റ്റംബറിൽ നിന്റെ ഉള്ളിൽ ജനിച്ച മോഹം ഡിസംബർ 25-ാം തീയതി പൂവണിഞ്ഞപ്പോൾ നീ അനുഭവിച്ച പരമാ




നന്ദം ഞങ്ങളറിഞ്ഞത് മോളുവിന്റെ മമ്മയിലൂടെയായിരുന്നു.

അസഹ്യമായ വേദനയുടെ നടുവിലും ആദ്യകുർബാന സ്വീകരിക്കാൻ അണിഞ്ഞൊരുങ്ങിയ നെന്നോലീനാ അമ്മയോട് പറഞ്ഞു. 'മമ്മാ, നോക്ക്...... ആപ്പിളിനകത്തിരിക്കുന്ന കറുത്ത വിത്തുകൾ... ആ കറുത്ത വിത്തിന്റെ പുറംതൊലി മാറ്റിയാൽ വെള്ള പരിപ്പ് കാണില്ലേ... മമ്മാ.... നാളെ എന്റെ ഉള്ളിൽ ഈശോ വരുമ്പോൾ എന്നിലെ കറുപ്പൊക്കെ മാറി എന്റെ ഹൃദയവും വെണ്മയുള്ളതാകും. എനിക്കെന്നും എന്റെ ഈശോയെ വേണം....."

ആറു വയസ്സുകാരിയുടെ ആത്മീയഭാവങ്ങൾ !!! കത്തെഴുതാൻ ഒരുപാടിഷ്ടപ്പെട്ട കൊച്ചുകൂട്ടുകാരി.... ആദ്യകുർബാന സ്വീകരണത്തിനുശേഷം പിതാവായ ദൈവത്തിനും പരിശുദ്ധാത്മാവിനും ഈശോയ്ക്കും മാതാവിനും, വി. അഗസ്റ്റിനും വി. കൊച്ചുത്രേസ്യായ്ക്കും നീയെഴുതിയ കത്തുകൾ... അത്ഭുതാദരവോടെ നോക്കികാണാനേ കഴിയുകയുള്ളൂ... ആറു വയസ്സുകാരി എഴുതിയ 105 കത്തുകൾ... ആരെയാണ് അത്ഭുതപരതന്ത്രരാക്കാത്തത്.

1937 മെയ് 19-ാം തീയതി സ്ഥൈര്യലേപനം സ്വീകരിച്ച് ആനന്ദസാഗരത്തിൽ ആറാടിയ നിന്റെ ആരോഗ്യസ്ഥിതി എത്ര പെട്ടെന്നാവഷളായത്...ഈശോ എന്ന മധുരനാമം ഉച്ചരിച്ചുകൊണ്ട് 1937 ജൂലൈ 3-ാം തീയതി മാലാഖമാരുടെ നാട്ടിലേക്ക് നീ ചിറകുകൾ വിരിച്ച് പറന്നുയർന്നപ്പോൾ സ്വർഗ്ഗത്തിൽ മറ്റൊരു മാലാഖകൂടി ജനിക്കുകയായിരുന്നു!!

രോഗാതുരയായി കട്ടിലിൽ കിടന്നപ്പോഴും വഴിതെറ്റിപ്പോകുന്ന കുഞ്ഞുങ്ങൾക്കു വേണ്ടി പ്രാർത്ഥിച്ച കുട്ടികളുടെ കൂട്ടുകാരി....

ഇവിടെ നവ മാധ്യമങ്ങളുടെ കരാളഹസ്തങ്ങളിൽ കിടന്നു പിടയുകയാണ് ഞങ്ങളുടെ കുഞ്ഞുങ്ങൾ... കഴിഞ്ഞ ദിവസമാ ആ വാർത്ത കേട്ടത്. കമ്പ്യൂട്ടർ ഗെയിം കളിക്കണ്ട എന്ന് അമ്മ വിലക്കിയപ്പോൾ, കറിക്കത്തിയെടുത്ത് അമ്മയുടെ കയ്യിൽ വെട്ടിയാ മകൻ കലി തീർത്തത്. ആപൽക്കരമായ വിധത്തിലാണ് മക്കൾ മാധ്യമങ്ങളെ ദുരുപയോഗം ചെയ്യുന്നത്... മാതാപിതാക്കൾ മക്കൾക്ക് ഈശോയെ കൊടുക്കാൻ മറന്നുപോയി...

കുഞ്ഞേ.... ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണേ.... ഗൂഗിളിൽ സേർച്ചു ചെയ്തിട്ട് നരകവും സ്വർഗ്ഗവും ശുദ്ധീകരണസ്ഥലവും കാണുന്നില്ല എന്ന് പറഞ്ഞ് ഞങ്ങളെ പുച്ഛിച്ചുതള്ളുന്ന ഞങ്ങളുടെ മക്കൾക്കുവേണ്ടി, ഈ പള്ളിക്കൂദാശക്കാലത്ത് പരി. അമ്മയോട് ചേർന്ന് ഞങ്ങൾ പ്രാർത്ഥിക്കട്ടെ:

"നാഥേ, മാനവരക്ഷയ്ക്കായ്
നിർമ്മലമാം നിന്നുദരത്തിൽ
ദൈവകുമാരനുദിച്ചല്ലോ
അപകടവേളകളകലാനും
ശാന്തിയിഹത്തിൽ വളരാനും
സുതനോടെന്നും ഞങ്ങൾക്കായ്
സദയം പ്രാർത്ഥിച്ചീടണമേ.
വിധിദിവസം വന്നണയുമ്പോൾ
ഭാസുരമാം പരലോകത്തിൽ
നിന്നോടൊത്തു വസിച്ചീടാൻ
അമ്മേ, നീ തുണ നല്കണമേ"
(പള്ളിക്കൂദാശാക്കാലം, ബുധൻ റംശാ).

***സ്വർഗം ദൈവത്തിന്റെ മണ്ഡലമാണ്. മാലാഖമാരുടെയും വിശുദ്ധരുടെയും വാസസ്ഥലമാണ്. സൃഷ്ടിയുടെ ലക്ഷ്യമാണ്. "സ്വർഗവും ഭൂമിയും" എന്ന വാക്കുകൾകൊണ്ട്, സൃഷ്ടിക്കപ്പെട്ട മുഴുവൻ യാഥാർത്ഥ്യത്തെയും നാം സൂചിപ്പിക്കുന്നു.*** YOUCAT 52

# സെനക്കിൾ തരംഗം

**മി**ശിഹായിൽ പ്രിയപ്പെട്ട വൈദികസഹോദരരേ,


പള്ളിക്കൂദാശാക്കാലത്തേക്കു നാം പ്രവേശിച്ചിരിക്കുകയാണല്ലോ. സഭയാകുന്ന മണവാട്ടി മണവാളനായ മിശിഹായോടൊപ്പം പിതൃഭവനത്തിലുള്ള മണവറയിൽ പ്രവേശിക്കുന്ന അനുഭവത്തെ അനുസ്മരിക്കുകയും അനുഷ്ഠിക്കുകയും ചെയ്യുന്ന കാലഘട്ടം. മിശിഹായുടെ മണവാളനടുത്തുള്ള സ്നേഹമാണല്ലോ സഭാശുശ്രൂഷയിൽ നമ്മെ പ്രവർത്തനനിരതരാക്കുന്നത്. സഭാശുശ്രൂഷയുടെ ഏറ്റം ഉദാത്തമായ വേദി പരിശുദ്ധ കുർബാനയാഘോഷംതന്നെയാണ്. മണവാളനായ ഈശോ തന്റെ ശരീരരക്തങ്ങൾ നല്കി തന്റെ മണവാട്ടിയായ സഭയെ പരിപോഷിപ്പിക്കുന്ന പരി. കുർബാനയർപ്പണത്തിൽ മണവാളനായ മിശിഹായോടൊപ്പം നമ്മുടെ പുരോഹിതജീവിതമാകുന്ന ശരീരവും ജീവിതസഹനങ്ങളാകുന്ന രക്തവും ചേർത്തുവച്ച് സ്നേഹത്തോടെ നമുക്കു ബലിയർപ്പിക്കാം. ഈ ബലിയർപ്പണത്തിലൂടെ മിശിഹായുടെ സ്നേഹത്തിൽ നവീകരിക്കപ്പെട്ട് സഭാശുശ്രൂഷ നിർവഹിക്കുവാൻ നമുക്ക് ആത്മാർത്ഥമായി പരിശ്രമിക്കാം.

**മല്പാൻ ഫാദർ മാത്യു വെള്ളാനിക്കൽ**
**ജനറൽ മേജർ ഫാദർ**

## വാർത്തകൾ

**2017** നവംബർ 7-9 തീയതികളിൽ റോമിലെ ജനറലേറ്റിൽവച്ചു നടക്കുന്ന അപ്പസ്തോലിക് സൊദാലെസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ജനറൽ കൗൺസിൽ മീറ്റിംഗിൽ സംബന്ധിക്കുവാൻ മല്പാൻ മാത്യു വെള്ളാനിക്കലച്ചൻ നവംബർ 5-ാം തീയതി റോമിലേക്കു പോകും. ജനറൽ കൗൺസിൽ മീറ്റിംഗിനുശേഷം അപ്പസ്തോലിക് സൊദാലെസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടിലെ അംഗങ്ങളായ വൈദികരെ സന്ദർശിക്കുവാനും ഇൻസ്റ്റിറ്റ്യൂട്ടിന്റെ കാരിസം മറ്റു വൈദികർക്കു പരിചയപ്പെടുത്തുവാനുമായി നവംബർ 10-ാം തീയതി അമേരിക്കയിലേക്കു പോകും. സന്ദർശനത്തിനുശേഷം നവംബർ 25-ാം തീയതി ഇന്ത്യയിൽ തിരിച്ചെത്തും. യാത്രയും പരിപാടികളും ദൈവാനുഗ്രഹപ്രദമാകുവാൻ നമുക്കു പ്രാർത്ഥിക്കാം.

-സെനക്കിൾ വൈദികകൂട്ടായ്മയിൽ പങ്കുചേരുവാൻ താല്പര്യമുള്ളവർ, *സെനക്കിൾ തരംഗം, സ്പിരിച്ചാലിറ്റി സെന്റർ, മാങ്ങാനം പി.ഒ., കോട്ടയം-686 018* എന്ന വിലാസത്തിൽ ബന്ധപ്പെടുക.



# കാവലാൾ

2

**സെ**ന്റ് ജോസഫ്സ് ഓർഫനേജ്. 41 അന്തേവാസികളാണവിടെ. ഒന്നു മുതൽ പ്ലസ് ടു വരെ പഠിക്കുന്ന, നിർധനരായ കുട്ടികൾ താമസിക്കുന്ന സ്ഥലം. അവിടെ അവർക്ക് സ്നേഹവും സാന്ത്വനവും പകർന്നുകൊണ്ട് ഗൊരേത്തിസിസ്റ്റർ. മാഗിസിസ്റ്ററിനോട് കുട്ടികൾക്കത്ര അടുപ്പമില്ല. ഗൊരേത്തിയമ്മയുടെ അരികുചേർന്ന് ഒന്നാം ക്ലാസ്സുകാരി മീനു. അവളവിടെ വന്നിട്ട് രണ്ടു വർഷമായി. ജയിലിൽ കിടക്കുന്ന അവളുടെ അപ്പനുമമ്മയ്ക്കും പകരമായി അവൾക്കു ദൈവം നല്കിയ അമ്മയാണ് ഗൊരേത്തിയമ്മ എന്നാണവളു പറയുക. സീനിയേഴ്സ് ചേച്ചിമാരുടെ ഭരണമൊന്നും ഏല്ക്കാത്തതവൾക്കു മാത്രമാണ്. കുറച്ചു ജോലികളിൽ സഹായിക്കണം, പഠിക്കണം, പ്രാർത്ഥനകളിൽ പങ്കെടുക്കണം... ഇതൊക്കെയാണവരുടെ ടൈം ടേബിൾ.

അന്നു വിശുദ്ധ കുർബാനയുടെ സമയത്ത് പാട്ടുപാടുന്നവരുടെ കൂട്ടത്തിൽ സ്റ്റീനായും ഉണ്ടായിരുന്നു. അവളുടെ പാട്ട് മികച്ചതായിരുന്നുവെന്ന് എല്ലാ സിസ്റ്റേഴ്സും പറഞ്ഞു. ഗൊരേത്തിയമ്മ അന്നു വൈകുന്നേരം തന്റെ പഴയ ഹാർമ്മോണിയം മീട്ടി അവളെക്കൊണ്ടു പാട്ടുകൾ പാടിച്ചു. പാട്ടു തീർന്നപ്പോൾ സിസ്റ്റർ അവളെ കെട്ടിപ്പിടിച്ചു കവിളിൽ ഉമ്മവച്ചു. അവൾ കരഞ്ഞുപോയി. മറ്റു കുട്ടികളെ അത്താഴത്തിനു പറഞ്ഞുവിട്ടിട്ട് സിസ്റ്റർ അവൾക്കൊപ്പമിരുന്നു.

"മോളു മിടുക്കിയായി പഠിക്കണം. പഠിച്ചു വല്യ ആളാകണം".

അവൾ തലയാട്ടി. അവളുടെ ചരിത്രമറിയാവുന്നതിനാൽ സിസ്റ്റർ അവളോടൊന്നും ചോദിച്ചില്ല. അതവൾക്കാശ്വാസമായി തോന്നി. തന്റെ പോക്കറ്റിൽ കിടന്ന മിഠായി സിസ്റ്റർ അവൾക്കു നീട്ടി. അവളതു വാങ്ങിയപ്പോൾ മീനു ഓടിയെത്തി.

"ഇന്നാ മീനുക്കുട്ടി തിന്നോ..."


"താങ്ക്സ് ചേച്ചി. ചില കാര്യങ്ങൾ ഇങ്ങോട്ടു ചെയ്തു തരുമ്പോൾ ചില കാര്യങ്ങൾ അങ്ങോട്ടും ചെയ്തു തരാം... ഇന്നാ പിടിച്ചോ". അവളതു പറഞ്ഞിട്ട് ഒരു ചാമ്പങ്ങ സ്റ്റീനായ്ക്കു നല്കി. സ്റ്റീനായ്ക്കു സന്തോഷമായി. തനിക്ക് സ്നേഹിക്കാൻ ഒരു നല്ല അനിയത്തി. "വന്നപ്പോഴേ ഇതിനെയൊക്കെ തലേലെടുത്തു വയ്ക്കണ്ട. ഒക്കെ വെളഞ്ഞ വിത്താ..." മാഗി സിസ്റ്റർ അങ്ങനെ പറഞ്ഞപ്പോൾ സ്റ്റീനായ്ക്ക് അല്പം പേടിതോന്നി.

"എന്താ സ്റ്റഡി ടൈമായില്ലേ... എല്ലാരും പോയി പഠിക്ക്...". മാഗി സിസ്റ്ററിന്റെ ശബ്ദമുയർന്നപ്പോൾ എല്ലാവരും നിശബ്ദരായി പഠനമുറിയിലെത്തി.

സ്റ്റീനാ പുതുതായി കിട്ടിയ പുസ്തകങ്ങളൊക്കെ തുറന്നുനോക്കി. പുതുമണം മാറാത്ത പുസ്തകത്താളിൽ അവൾ മണത്തുനോക്കി. പൊതിഞ്ഞു പേരെഴുതി തന്റെ പെട്ടിയുടെ മുകളിലായി ഷെൽഫിൽ അവളതടുക്കി വച്ചു. പഴയ ബുക്കിലെ പേജുകൾ എഴുതാത്തതുണ്ടോ എന്നു പരിശോധിച്ചപ്പോഴാണ്

കൈത്താലക്കത്തിലെ മത്സരവിജയി: റെയ്നോ ബിനോയി, സെന്റ് ജോസഫ്സ് സ്കൂൾ, കുന്നുംഭാഗം





# കാവലാൾ

അവളതു കണ്ടത്. 'നീ എവിടെപ്പോയാലും ഞാൻ നിനക്കുവേണ്ടി പ്രാർത്ഥിക്കും-തോമസ്'. തന്റെ കൂടെ ഏഴാം ക്ലാസ്സിൽ പഠിച്ച തോമസിനെ പെട്ടെന്നവളോർത്തു. അവനെപ്പോഴാ ഇതെഴുതിയത്? ഇനി ഇതു വല്ലോരും കണ്ടാൽ പിന്നെ...? അവൾ പേനായെടുത്ത് അത് തുരുതുരാ വെട്ടി.

"എന്താ ചേച്ചി വെട്ടിയത്" മീനുക്കുട്ടി അടുത്തുവന്നു.

"ഓ.. അതൊരു പൊട്ടത്തെറ്റ് എഴുതിയതാ".

"ഇങ്ങനെ വെട്ടാൻ പാടില്ല. ഒറ്റ വെട്ടേ വെട്ടാവൂ... മനസ്സിലായോ..."

"ആ... അങ്ങനെ വഴിക്കു വാ". മീനുക്കുട്ടി അതുംപറഞ്ഞ് അവളുടെ കവിളിൽ ഒരു നുള്ളു കൊടുത്തു. അവൾ മീനുക്കുട്ടിയെ കെട്ടിപ്പിടിച്ചൊരുമ്മ കൊടുത്തു.

"കൂടുതലു സ്നേഹപ്രകടനങ്ങളൊന്നും വേണ്ട... നീ ആദ്യമായതുകൊണ്ട് ഇവിടുത്തെ നിയമങ്ങൾ അറിയില്ലായിരിക്കും അല്ലേ... അച്ചടക്കമെന്താണെന്ന് പഠിക്കണം. അതെങ്ങനെയാ, കുടുംബത്തീന്നു കിട്ടേണ്ടതാ അതൊക്കെ".

"സോറി സിസ്റ്റർ. ഇനി ഇങ്ങനെയൊന്നും ഉണ്ടാവില്ല".

"എടീ മോളേ, നീ വിഷമിക്കുകയൊന്നും വേണ്ട. അതിന്റെ സ്വഭാവം ഇങ്ങനെയാ. തൊട്ടതിനും പിടിച്ചതിനുമെല്ലാം വഴക്കുപറയും. ഗൊരേത്തിയമ്മയ്ക്കും പേടിയാ. വല്യ ബലമൊന്നും കൊടുക്കേണ്ട...". മേഴ്സി അവളെ ആശ്വസിപ്പിച്ചു.

കിടക്കാൻ പോയപ്പോൾ പ്ലാസ്റ്റിക് കെട്ടിയ ഇരുമ്പുകട്ടിലുകൾ നിരത്തിയിട്ടിരിക്കുന്ന ആ മുറിയിൽ സ്റ്റീനായ്ക്കു കിടക്ക വിരിച്ചിട്ടത് മേഴ്സിയായിരുന്നു. ഒരിടത്തുനിന്നു ശകാരം കേട്ടാലും പെട്ടെന്ന് സാന്ത്വനം തരാൻ ദൈവം ഒരാളെ അയച്ചുതരുന്നല്ലോ എന്നോർത്ത് അവൾ സമാധാനിച്ചു.

കിടന്നപ്പോൾ മേഴ്സി അടുത്തുവന്നു പറഞ്ഞു: "നാളെ മുറ്റം വൃത്തിയാക്കാനുള്ള കൂട്ടത്തിലാ സ്റ്റീനാ. വി. കുർബാനയ്ക്കു പോകേണ്ടതുകൊണ്ട് നേരത്തെ അടിക്കണം. ഞാൻ വിളിക്കുമ്പോൾ എഴുന്നേറ്റുവരണം കേട്ടോ". "ഉവ്വ്".

''ചെമ്പകപ്പാറയിൽ ആരൊക്കെയുണ്ട്''? ''വല്യമ്മച്ചിയും കുഞ്ഞാന്റിയും".

"എനിക്ക് ആരുമില്ല കേട്ടോ. അമ്മയും വേറെ കല്യാണം കഴിച്ചു. അപ്പനും വേറെ കല്യാണം കഴിച്ചു. എന്നെക്കാണാൻ ആരും വരത്തുമില്ല". മേഴ്സി അതു പറഞ്ഞപ്പോൾ സ്റ്റീനാ ഓർത്തു... ഓരോരുത്തർക്കും ഓരോരോ വിഷമങ്ങൾ...



**ജാൻസിടീച്ചർ**
**കറുകപ്പറമ്പിൽ**

പ്രതീക്ഷയുടെ
പൂമൊട്ടുകൾ

# വിശ്വാസവും ഭക്തിയും



**ഡോ. തോമസ് പൂവത്താനിക്കുന്നേൽ**
റെക്ടർ, മേരിമാതാ മൈനർ സെമിനാരി, കാഞ്ഞിരപ്പള്ളി

ഫാത്തിമയിൽ പരിശുദ്ധ കന്യകാമറിയം വിശ്വാസദൃഢീകരണത്തിനു കാരണമാകുംവിധം ചില ദർശനങ്ങളും സന്ദേശങ്ങളും നൽകിയെന്ന് ക്രൈസ്തവ സമൂഹം വിശ്വസിക്കുകയും ആ സന്ദേശാനുസരണം ജീവിതനവീകരണത്തിനു യത്നിക്കുകയും ചെയ്തു. ആ സന്ദേശങ്ങൾ കാലഗണനകൾക്കിപ്പുറം ഇന്നും പല തരത്തിൽ വിശ്വാസജീവിതവളർച്ചയ്ക്ക് സഹായകമായി നമ്മെ പ്രബോധിപ്പിക്കുന്നു. ഈ സംഭവത്തിന്റെ ജൂബിലിയോടനുബന്ധിച്ച് വിശ്വാസസമൂഹത്തിന് മാതാവിന്റെ സന്ദേശങ്ങൾ ഓർമ്മപ്പെടുത്തുവാനും അതിനനുസൃതം ജീവിക്കേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറയുവാനും ഫാത്തിമയിൽ പ്രത്യക്ഷയായ മറിയത്തിന്റെ സാദൃശ്യത്തിൽ നിർമ്മിതമായ രൂപങ്ങളുടെ പ്രയാണം ലോകത്തിന്റെ പല ഭാഗങ്ങളിലും നടത്തുന്നു.

കേരളത്തിലും അതു കൊണ്ടുവന്നു. ഫാത്തിമയിൽനിന്നുള്ള രൂപം എന്ന പ്രത്യേകതയും അതിനു കല്പിക്കുന്നു. അതുവഴി ഫാത്തിമാസംഭവത്തോട് നമ്മെ വൈകാരികമായി കൂടുതൽ ബന്ധിപ്പിക്കുവാനും ബൗദ്ധികമായി അത് ഓർമ്മയിൽ കൊണ്ടുവരുവാനും ആദ്ധ്യാത്മികമായി പ്രചോദിപ്പിക്കുവാനും ഇടയാക്കുന്നു.

എന്നാൽ ദൃശ്യരൂപങ്ങളിലല്ല, അദൃശ്യ ദൈവസാന്നിധ്യാനുഭവത്തിലാണ് വിശ്വാസം അധിഷ്ഠിതമായിരിക്കുന്നത്. കർത്താവും ദൈവവുമായി തന്നെ ഏറ്റുപറയുന്ന അനുഭവത്തിലേക്ക് മാർ തോമാ ശ്ലീഹായെ നയിച്ചു




കൊണ്ട് ഈശോ അരുൾചെയ്തത് അതായിരുന്നല്ലോ! ''നീ എന്നെ കണ്ടതുകൊണ്ടു വിശ്വസിച്ചു; കാണാതെതന്നെ വിശ്വസിക്കുന്നവർ ഭാഗ്യവാൻമാർ'' (യോഹ 20,29). ആ അദൃശ്യ ദൈവസാന്നിധ്യ അനുഭവത്തിലേക്കാണ് മുറിക്കപ്പെട്ട അപ്പത്തിൽ സ്വയം അപ്രത്യക്ഷനായിക്കൊണ്ട് എമ്മാവൂസിലേക്ക് പോയ ശിഷ്യരെ ഈശോ നയിച്ചത്. 'അവരോടൊപ്പം ഭക്ഷണത്തിനിരുന്നപ്പോൾ, അവൻ അപ്പം എടുത്ത് ആശീർവ്വദിച്ച് മുറിച്ച് അവർക്കു കൊടുത്തു. അപ്പോൾ അവരുടെ കണ്ണു തുറക്കപ്പെട്ടു. അവർ അവനെ തിരിച്ചറിഞ്ഞു. പക്ഷേ, അവൻ അവരുടെ മുമ്പിൽനിന്ന് അപ്രത്യക്ഷനായി' (ലൂക്കാ 24,30-31).

ഇതുതന്നെയാണ് അന്ത്യവിധിയിൽ തമ്പുരാൻ അടിസ്ഥാനമാക്കുന്നത്. പതിതരിലും പാവപ്പെട്ടവരിലും വിശക്കുന്നവരിലും ദാഹിക്കുന്നവരിലും കിടപ്പാടം ഇല്ലാത്തവരിലും പരദേശിയിലും അഭയാർത്ഥികളിലും രോഗികളിലും ദൈവദർശനത്തിന് ഇടയാക്കുന്നതും ഇതേ ദൈവാനുഭവമാണ്. അതാണ് രക്ഷകൻ കാട്ടിതന്ന രക്ഷയുടെ വഴി. അതിനാലാണ് രക്ഷയുടെ കുഞ്ഞാടിന്റെ ബലിയർപ്പണമായ പരിശുദ്ധ കുർബാനയിൽ നാം "ക്ലേശിതരും ദുഖിതരും ദരിദ്രരും പീഡിതരും രോഗികളുമായ എല്ലാവർക്കുംവേണ്ടി'' പ്രാർത്ഥിക്കുന്നത്.

എന്നാൽ പ്രായോഗിക തലത്തിൽ അനുഭവവേദ്യമാകുന്നത് ഇത്തരത്തിലുള്ള വിശ്വാസജീവിതവും സ്വരൂപപ്രയാണവുമാണോ എന്ന സംശയം സാധാരണ വിശ്വാസികളുടെ മനസ്സിലുദിക്കുന്നതിനെ കൽപനകൾകൊണ്ടും ന്യായീകരണങ്ങൾ കൊണ്ടും ദൂരീകരിക്കാനാവില്ല. ഈ രൂപങ്ങൾ പരിശുദ്ധ മറിയം തന്നെയോ? അതോ അമ്മയുടെ രൂപമോ? മാതൃഭക്തി ദൈവത്തെ അവഗണിക്കുന്നതിന് കാരണമാകുന്നുണ്ടോ?

ധൂപാർച്ചന രൂപങ്ങളുടെ മുമ്പിലർപ്പിക്കുന്നതിന്റെ പ്രസക്തി ജനത്തെ ബോധ്യപ്പെടുത്താനുള്ള ഉത്തരവാദിത്വമുള്ളവരില്ലേ? ധൂപം പ്രാർത്ഥനയുടെയും സമ്പൂർണ്ണ സമർപ്പണത്തിന്റെയും ആരാധനയുടെയും പാപമോചനാനുസ്മരണത്തിന്റെയും പ്രതീകമാണെങ്കിൽ ധൂപം രൂപങ്ങളുടെ മുമ്പിലർപ്പിക്കുന്നത് ഉചിതമോ? ധൂപം വിശുദ്ധീകരണകർമ്മം കൂടിയാണ്. ആകയാൽ മൃതദേഹങ്ങളും കല്ലറകളും ധൂപിക്കുന്നു. ദൈവാലയങ്ങൾ സമർപ്പിക്കുന്നതിനു മുമ്പ് വിശുദ്ധജലത്താൽ ശുദ്ധീകരിച്ച് ധൂപിക്കാറുണ്ട്. എന്നാൽ ഇതിലേതർത്ഥത്തിലും വിശുദ്ധരൂപങ്ങൾക്കുമുമ്പിൽ ആവർത്തിച്ച് ധൂപാർച്ചന നടത്തുന്നത് ഉചിതമോ?

സമർപ്പണം ദൈവത്തിനു മാത്രം. ആകയാൽ അടിമവയ്ക്കുക എന്ന പഴയ പദപ്രയോഗം സമർപ്പണം എന്നാക്കി പ്രചരിപ്പിക്കുന്നത് പ്രോത്സാഹനയോഗ്യമോ എന്ന് വിവേകത്തോടെ വിലയിരുത്തേണ്ടതാണ്. പൗലോസ്ശ്ലീഹാ താനും മാമ്മോദീസ സ്വീകരിച്ച ഏവരും ദൈവത്തിനു ദാസീദാസന്മാരും അടിമകളുമായി തീർന്നവരാണ് എന്നു പഠിപ്പിക്കുന്നതു നാം ശ്രദ്ധിക്കേണ്ടതാണ്. മറ്റാർക്കും നാം അടിമകളാകരുത്. "എന്നാൽ, ഇപ്പോൾ നിങ്ങൾ പാപത്തിൽനിന്നു മോചിതരായി ദൈവത്തിന് അടിമകളായിരിക്കുകയാൽ നിങ്ങൾക്കു ലഭിക്കുന്നതു വിശുദ്ധീകരണവും അതിൻെറ അവസാനം നിത്യജീവനുമാണ്. പാപത്തിന്റെ വേതനം മരണമാണ്" (റോമാ 6,22). "നിങ്ങൾ വിലയ്ക്കു വാങ്ങപ്പെട്ടവരാണ്; നിങ്ങൾ മനുഷ്യരുടെ അടിമകളായിത്തീരരുത്" (1 കോറി 7,23).

കേരളത്തിലെ ഒരു പുരാതന ഇടവക ദൈവാലയത്തിലെ പരിശുദ്ധ മാതാവിന്റെ രൂപത്തിന്റെ മാതൃക അവിടെനിന്നും ഒരു ധ്യാനകേന്ദ്രത്തിലേക്ക് കൊണ്ടുപോയ



**പ്രതീക്ഷയുടെ പൂമൊട്ടുകൾ**

തിന്റെയും അവിടെ പ്രതിഷ്ഠിച്ചതിന്റെയും പരസ്യങ്ങൾ ഉണ്ടായിരുന്നു. ഒരിക്കൽ ഒരു ഇടവകയിൽ സെമിത്തേരി നിർമ്മാണത്തിനായി യന്ത്രസഹായത്താൽ മണ്ണുമാറ്റിയപ്പോൾ അവിടെ ലഭിച്ച ഒരു ഹൈന്ദവ വിഗ്രഹത്തെ ചൊല്ലിയുണ്ടായ വിവാദം രമ്യമായി പരിഹരിച്ചത് വിഗ്രഹത്തിന്റെ ശക്തിയെ ആവഹിച്ച് അവരുടെ ഒരു ആരാധനാലയത്തിൽ പ്രതിഷ്ഠിച്ചു കൊണ്ടാണ്. ഇതുപോലെ മാതാവിന്റെ രൂപത്തിൽ മാതാവിന്റെ ശക്തിയും സംവഹിക്കപ്പെട്ടു എന്ന് സാധാരണ ജനം ചിന്തിക്കണമോ, ഇത്തരത്തിലുള്ള പ്രചരണങ്ങളും ആഘോഷങ്ങളും വഴി? മുത്തിയമ്മയെ കുടിയിരുത്തുകയായിരുന്നുവോ? ഇതു പ്രോജ്വലിപ്പിക്കപ്പെടുന്ന വിശ്വാസമോ നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന വിശ്വാസമോ? സത്യദൈവത്തെയും അവിടുത്തെ പ്രബോധനത്തെയും വിശ്വാസികളുടെ ജീവിതശൈലിയെയുംകുറിച്ച് എവിടെനിന്ന് ജനം പഠിക്കും?

പ്രസ്ഥാനക്കാരുടെ പ്രയാണങ്ങളിൽ പൊറുതിമുട്ടി നിൽക്കുന്ന മനുഷ്യനെ അതേരീതിയിലുള്ള വിശ്വാസ പ്രഘോഷണ രീതികളും ഇത്തരത്തിലുള്ള പ്രയാണ പരമ്പരകളും ഭക്തിയുടെ ആഭാസങ്ങളും അൾത്താരയിൽനിന്ന്, മനുഷ്യകുലത്തിന്റെ രക്ഷയ്ക്കായുള്ള നമ്മുടെ കർത്താവിന്റെ ഏകബലിയിൽ നിന്ന് അകറ്റുന്ന അവസ്ഥ സൃഷ്ടിക്കുന്നു എന്ന സത്യം ആരറിയുന്നു?

ഓടിക്കൂടുന്ന ജനത്തിന്റെ തിക്കിലും തിരക്കിലും ആരവങ്ങൾക്കിടയിലും മതിമറക്കുന്നതല്ല ഇടയനായ ഈശോയുടെ ഹൃദയം. എല്ലാ തിരക്കിനിടയിലും അവിടുത്തെ കണ്ണുകൾ തേടുന്നത് നഷ്ടപ്പെട്ടു പോയതിനെയാണ്. ധൂർത്തപുത്രന്റെ തിരിച്ചുവരവിൽ ആനന്ദിക്കുമ്പോഴും അകത്തുകടക്കാൻ മടികാട്ടി പുറത്തുനിന്ന മൂത്തവന്റെ അടുക്കലേക്കു ചെന്ന് സാന്ത്വനങ്ങൾ പറയുന്ന ഒരു ഇടയന്റെ ശുശ്രൂഷയാണ് അജപാലകർ



ഭരമേറ്റിരിക്കുന്നതെന്ന സത്യം മറക്കുന്നവരോട് ഇടയശ്രേഷ്ഠനായി ഈശോ നിയോഗിച്ച വിശുദ്ധ പത്രോസ്ശ്ലീഹാ (1 പത്രോ 5,1–4) ഉദ്ബോധിപ്പിക്കുന്നു: “ഒരു സഹശ്രേഷ്ഠനും മിശിഹായുടെ സഹനങ്ങളുടെ ദൃക്സാക്ഷിയും വെളിപ്പെടാനിരിക്കുന്ന മഹത്ത്വത്തിന്റെ പങ്കുകാരനും എന്ന നിലയിൽ ഞാൻ നിങ്ങളുടെയിടയിലെ ശ്രേഷ്ഠൻമാരെ ഉപദേശിക്കുന്നു: നിങ്ങളെ ഏൽപിച്ചിരിക്കുന്ന ദൈവത്തിൻെറ അജഗണത്തെ പരിപാലിക്കുവിൻ. അതു നിർബന്ധം മൂലമായിരിക്കരുത്. ദൈവത്തെപ്രതി സൻമനസ്സോടെ ആയിരിക്കണം; ലാഭേച്ഛയോടെ ആയിരിക്കരുത്, തീക്ഷ്ണതയോടെ ആയിരിക്കണം; അജഗണത്തിന്റെമേൽ ആധിപത്യം ചുമത്തിക്കൊണ്ടായിരിക്കരുത്, സന്മാതൃക നൽകിക്കൊണ്ടായിരിക്കണം. ഇടയൻമാരുടെ തലവൻ പ്രത്യക്ഷപ്പെടുമ്പോൾ മഹത്ത്വത്തിന്റെ ഒളിമങ്ങാത്ത കിരീടം നിങ്ങൾക്കു ലഭിക്കും”.

“പുരോഹിതൻ അധരത്തിൽ ജ്ഞാനം സൂക്ഷിക്കണം. ജനം പ്രബോധനം തേടി അവനെ സമീപിക്കണം. അവൻ സൈന്യങ്ങളുടെ കർത്താവിന്റെ ദൂതനാണ്” എന്ന മലാക്കി പ്രവാചകന്റെ വാക്കുകൾ ഇന്നത്തെ അജപാലകർ മറന്നുപോവാനിടയാവരുത്. സത്യവിശ്വാസത്തിൽ യാതൊരു ലാഘവത്വവും കാട്ടാനിടയാവരുത്. വൈകാരിക സംതൃപ്തി പ്രദാനം ചെയ്യുകയല്ല, കുരിശിന്റെ വഴിയിലൂടെയുള്ള സത്യദൈവത്തിന്റെ യാത്രയ്ക്ക് ജീവിതസാക്ഷ്യം നൽകുകയാണ് അജപാലകരുടെ ഉത്തരവാദിത്വം.

ഉപഭോഗസംസ്കാരത്തിന്റെ ശൈലികൾ ഭക്തിപ്രസ്ഥാനങ്ങളിലും ആദ്ധ്യാത്മികതയിലും കടന്നുവരുമോ? ഇവന്റ് മാനേജ്മെന്റ് വിശ്വാസതലങ്ങളിലും ആൾദൈവങ്ങളെ സൃഷ്ടിക്കുന്നതിലും കടന്നുവരുന്നു. അപ്രാപ്യനായിരുന്ന ദൈവം പ്രാപ്യനാകാൻ, കൂടെവസിക്കാൻ, ഒന്നാകാൻ ശൂന്യവത്കരണവഴിയിൽ മനുഷ്യാവതാരവും കുരിശുമരണവും കുർബാന എന്ന ദിവ്യകാരുണ്യമാർഗ്ഗവും സ്വീകരിച്ചപ്പോൾ ഇന്ന് ആൾദൈവങ്ങൾ വചനപ്രഘോഷണത്തിനെത്തുന്നതുതന്നെ കമാൻഡോകളുടെ അകമ്പടിയോടെ വേലിക്കെട്ടുകൾ നിർമ്മിച്ച് എന്നത് വിരോധാഭാസമെന്നത് എന്റെമാത്രം ബുദ്ധിശൂന്യമായ ചിന്തയോ? ഒരുകാലത്ത് കൊട്ടാരവാസിയായി മാത്രം കഴിഞ്ഞിരുന്ന മാർപാപ്പാമാർപോലും ഇന്ന് സകലർക്കും സമീപസ്ഥനായിതീരുകയും കൊട്ടാരങ്ങളും കിരീടങ്ങളും ഉപേക്ഷിക്കുകയും ചെയ്തിരിക്കുന്നു എന്ന യാഥാർത്ഥ്യം പലരും അറിഞ്ഞില്ലെന്നോ?

കാൽവരിയുടെ നെറുകയിൽ വെയിലേറ്റ്, പരുക്കൻ കുരിശ് മരണകിടക്കയാക്കി, മൂന്നാണികളിൽ ബലിയായിത്തീർന്ന തമ്പുരാന്റെ പൗരോഹിത്യശുശ്രൂഷ അവകാശപ്പെടുന്ന എനിക്ക് എത്ര കുഷ്യനുകൾ മുട്ടുകുത്താൻ? ചെരിപ്പുകൾ അഴിച്ചുമാറ്റി ചുട്ടുപൊള്ളുന്ന മണലാരണ്യത്തിൽ മുൾപടർപ്പിലേക്ക് ചവിട്ടിനിൽക്കുവാൻ മോശയോട് ആവശ്യപ്പെട്ട ദൈവം അപ്രകാരം പ്രവർത്തിച്ചവനെയാണ് വിമോചകനും പ്രവാചകനും ഇടയനുമായി ദൈവജനത്തിന്റെ അടുക്കലേക്ക് അയച്ചത്. അജപാലകരും പ്രാവാചകരും പാപവിമോചകരുമായ പുരോഹിതഗണത്തിലേക്ക് മോശയെപ്പോലെ നിയോഗിക്കപ്പെട്ട എനിക്ക് അഴിച്ചുമാറ്റാനാവാത്ത പാദരക്ഷകളും ചവിട്ടുവാൻ ചുവന്ന പരവതാനിയും ഒരുക്കപ്പെടുമ്പോൾ നാഥാ, ഞാൻ അങ്ങയിൽനിന്നും അങ്ങേ ജനത്തിൽ നിന്നും എത്രയോ കാതം അകലങ്ങളിലാണെന്ന അറിവിലേക്കാനയിച്ചതിനു നന്ദി.




# സീറോ മലബാർ സഭാചരിത്രത്തിലെ നിർണായക നിമിഷം

**എം.എം.വി.**

**സീറോ** മലബാർ സഭ മേജർ ആർക്കി എപ്പിസ്കോപ്പൽ പദവിയിലേക്ക് ഉയർത്തപ്പെട്ട തിന്റെ രജതജൂബിലിയും പൗരസ്ത്യ സഭകൾക്കുവേണ്ടിയുള്ള കാര്യാലയത്തിന്റെ നൂറാം വാർഷികവും ആഘോഷിക്കുന്ന അവസരത്തിൽ തെലുങ്കാനയിലെ ഷംഷാബാദും തമിഴ്നാട്ടിലെ ഹൊസൂരും കേന്ദ്രങ്ങളായി രണ്ടു പുതിയ രൂപതകൾ ലഭിച്ചത് സീറോ മലബാർ സഭയ്ക്കുള്ള അംഗീകാരമാണ്. അതിൽ ഷംഷാബാദ് രൂപതയുടെ അധികാരപരിധിയിൽ ഇന്ത്യ മുഴുവനും ഉൾപ്പെടുന്നു എന്നത് ചരിത്രപ്രാധാന്യമർഹിക്കുന്ന ഒന്നാണ്. ഇന്ത്യയിൽ സീറോ മലബാർ സഭയ്ക്ക് രൂപതകളില്ലാത്ത മേഖലകളിൽ സഭാവിശ്വാസികൾക്കായി സ്വതന്ത്രമായി അജപാലന-സുവിശേഷപ്രഘോഷണ സംവിധാനങ്ങൾ ഒരുക്കുവാൻ ഇതിടയാക്കുന്നു. ഇന്ത്യയിൽ രൂപതകളില്ലാത്ത മേഖലകളിൽ രണ്ടു ലക്ഷത്തോളം സീറോ മലബാർ സഭാംഗങ്ങളാണുള്ളത്. ഈ മേഖലകളിൽ പല കേന്ദ്രങ്ങളിലായി ഇപ്പോൾ സഭാവിശ്വാസികളുടെ കൂട്ടായ്മകളുണ്ട്. അവിടെയെല്ലാം ഭാവിയിൽ ഇടവകകളും, പിന്നീട് കൂടുതൽ രൂപതകളും, ഉൾപ്പെടെയുള്ള അജപാലന സൗകര്യങ്ങൾ സഫലമാക്കാൻ ഷംഷാബാദ് രൂപതയുടെ സ്ഥാപനം വഴിതെളിക്കും. പുതിയ രണ്ടു രൂപതകളുടെ സ്ഥാപനത്തോടെ സീറോ മലബാർ സഭയ്ക്ക് 34 രൂപതകളായി. 62 മെത്രാന്മാരാണ് ഇപ്പോൾ സഭയ്ക്കുള്ളത്.

**ചരിത്രവഴികൾ:** ഇന്ത്യയിലെ കത്തോലിക്കാസഭ ലത്തീൻ, സീറോ മലബാർ, സീറോ മലങ്കര വ്യക്തിസഭകളുടെ ഒരു കൂട്ടായ്മയാണ്. മാർത്തോമാശ്ലീഹായിലൂടെ കൈമാറപ്പെട്ടു കിട്ടിയ വിശ്വാസപാരമ്പര്യത്തിന്റെ അവകാശികളാണ് സീറോ മലബാർ, സീറോ മലങ്കര സഭകൾ. ഇന്ത്യയിലെ ലത്തീൻസഭ യൂറോപ്യൻ ക്രൈസ്തവമിഷനറിമാരുടെ പ്രേഷിതപ്രവർത്തന ഫലമായി ഉത്ഭവിച്ചതും. എന്നാൽ കാലത്തിന്റെ കുത്തൊഴുക്കിൽ ലത്തീൻസഭയെ സാർവത്രികസഭയോട് താദാത്മ്യപ്പെടുത്തുന്ന ഒരു കാഴ്ചപ്പാട് സഭയിൽ കടന്നുവന്നു. സഭയെക്കുറിച്ചുള്ള അക്കാലത്തെ കാഴ്ചപ്പാടുകൾ വത്തിക്കാൻ കൗൺസിലിനു മുമ്പ് പാശ്ചാത്യസഭയിൽ നിലവിലിരുന്ന സഭാവിജ്ഞാനീയമായിരുന്നു എന്നതാണ് അതിനു കാരണം. അത് സഭയെ ഒരു സാർവ്വത്രിക സംവിധാനമായോ, ഒരു നൈയാമിക സംഘടനയായോ, സ്ഥാപനമായോ ഒക്കെയായാണ് കണ്ടിരുന്നത്. സുവിശേഷവൽക്കരണം സഭയുടെ ജീവിതവുമായി ബന്ധപ്പെട്ട ഒന്നായി കാണാതെ സഭയുടെ പ്രവർത്തനങ്ങളിലൊന്നു മാത്രമായി കണ്ടിരുന്നു. അതുപോലെതന്നെ, പ്രാദേശികസഭയെ ശ്ലൈഹിക പൈതൃകവുമായി ബന്ധപ്പെട്ട ഒന്നായി കാണാതെ വെറും സംസ്കാരത്തിന്റെ സൃഷ്ടിയായും കണ്ടിരുന്നു. ഈ പ്രത്യേക സാഹചര്യം മറ്റു വ്യക്തിഗതസഭകൾക്ക് തങ്ങളുടെ അജപാലന-സുവിശേഷപ്രഘോഷണതലങ്ങളിൽ പലവിധത്തിലുള്ള അസ്വാതന്ത്ര്യം അനുഭവിക്കാനിടയാക്കി.

രണ്ടാം വത്തിക്കാൻ കൗൺസിലിനോടുകൂടി 'സഭ ഒരു കൂട്ടായ്മ' എന്ന കാഴ്ചപ്പാട് കത്തോലിക്കാ സഭാവിജ്ഞാനീയത്തിൽ വീണ്ടും നവീകരിക്കപ്പെട്ടുവെങ്കിലും ഇന്ത്യയിലെ സ്ഥിതിക്ക് മാറ്റമൊന്നുമുണ്ടായില്ല. കൗൺസിലിനു ശേഷം സഭാനവീകരണം ലക്ഷ്യമാക്കി 1960 കളുടെ അവസാനത്തിലും 1970 കളുടെ ആരംഭത്തിലും ഇന്ത്യയിൽ നടന്ന ദൈവശാസ്ത്ര വിചിന്തനങ്ങളിൽ പോലും 'സഭ വ്യക്തിഗതസഭകളുടെ കൂട്ടായ്മയാണ്' എന്നതിന് വലിയ സ്വാധീനമുണ്ടായില്ല.




എന്നാൽ കഴിഞ്ഞ 45 വർഷങ്ങളോളം സിബിസിഐ മെത്രാൻ സമിതിയുടെ തലത്തിലും ഇന്ത്യയിലെ ലത്തീൻ, സീറോ മലബാർ, സീറോ മലങ്കര സഭകൾ തമ്മിലുള്ള സംവാദതലത്തിലും നടന്ന വിചിന്തനങ്ങളിലൂടെയും ചർച്ചകളിലൂടെയും ഭാരത സഭാവിജ്ഞാനീയത്തിൽ വിപ്ലവകരമായ മാറ്റങ്ങളുണ്ടായി. സഭ വ്യക്തിസഭകളുടെ കൂട്ടായ്മയാണ് എന്ന കാഴ്ചപ്പാടിൽ ഭാരത സഭാവിജ്ഞാനീയം വികസിച്ചതിന്റെ ഫലമായി ഇന്ത്യയിലെ പൗരസ്ത്യസഭകൾക്ക് അഭൂതപൂർവ്വമായ വളർച്ചയും അവയുടെ അജപാലന പ്രേഷിതപ്രവർത്തന രംഗങ്ങളിൽ കാര്യമായ പുരോഗതിയുമുണ്ടായി. അതിലേക്കു നയിച്ച ദൈവശാസ്ത്രപരമായ വിചിന്തനത്തിന് വേദിയൊരുക്കിയതിൽ വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയുടെ സ്ഥാപനത്തിന് വലിയ പങ്കുണ്ട്. സീറോ മലബാർ വൈദികവിദ്യാർത്ഥികളുടെ വൈദികപരിശീലനത്തിനായി 1962-ൽ സ്ഥാപിതമായ വടവാതൂർ സെമിനാരി സീറോ മലബാർ, സീറോ മലങ്കര സഭകൾക്ക് പൗരസ്ത്യസഭകളെന്ന നിലയിൽ തങ്ങളുടെ വ്യക്തിത്വത്തെപ്പറ്റിയും ദൗത്യത്തെപ്പറ്റിയുമുള്ള ദൈവശാസ്ത്രപരമായ വിചിന്തനത്തിന് വേദിയായിത്തീർന്നു. അങ്ങനെയുള്ള ഒരു ദൈവശാസ്ത്ര വിചിന്തനത്തിന് പ്രത്യേകാവസരം സൃഷ്ടിച്ച അഖിലേന്ത്യാതലത്തിലെ രണ്ട് സംഭവങ്ങളാണ് 1973 ഒക്ടോബർ 3 മുൽ 8 വരെ പാറ്റ്നായിൽ വച്ചു നടത്തിയ 'ഓൾ ഇന്ത്യ കൺസൾട്ടേഷൻ ഓൺ ഇവാഞ്ചലൈസേഷ'നും 1974 ജനുവരി 3 മുതൽ 8 വരെ കൽക്കട്ടായിൽ വച്ചു നടത്തിയ സിബിസിഐ യുടെ പൊതുസമ്മേളനവും. 1974 ഒക്ടോബറിൽ റോമിൽ വച്ച് നടത്താനിരുന്ന സിനഡിനൊരുക്കമായി 'സുവിശേഷവൽക്കരണ'മാണ് ഈ മീറ്റിംഗുകളിൽ ചർച്ചാവിഷയമായെടുത്തത്.

കൽക്കട്ടായിൽ വച്ചു നടന്ന സിബിസിഐ മീറ്റിംഗിൽ "Understanding of Evangelization in the Context of Present Day India" എന്ന വിഷയത്തെ ആസ്പദമാക്കി ഒരു പേപ്പർ അവതരിപ്പിക്കുവാൻ ബന്ധപ്പെട്ട അധികാരികൾ, അന്ന് വടവാതൂർ സെമിനാരിയുടെ ഡീൻ ആയിരുന്ന ബഹു. മാത്യു വെള്ളാനിക്കലച്ചനോട് ആവശ്യപ്പെട്ടു. അതിനൊരുക്കമായി രണ്ട് ദൈവശാസ്ത്ര സിമ്പോസിയങ്ങൾ നടത്തപ്പെട്ടു. ഈ രണ്ടു സിമ്പോസിയങ്ങളും സീറോ മലബാർ, സീറോ മലങ്കര സഭകളിലെ മെത്രാന്മാർക്കും ദൈവശാസ്ത്രജ്ഞന്മാർക്കും, സുവിശേഷവൽക്കരണത്തിൽ ഇന്ത്യയിലെ പൗരസ്ത്യസഭകൾക്കുള്ള പ്രാധാന്യവും പ്രത്യേകതകളും ഗൗരവമായ പഠനത്തിനു വിഷയമാക്കാൻ അവസരം നല്കി. ഈ രണ്ടു സിമ്പോസിയങ്ങളുടെ നിഗമനങ്ങളുടെ വെളിച്ചത്തിലാണ് കൽക്കട്ടായിൽ വച്ചു നടന്ന സിബിസിഐ മീറ്റിംഗിൽ അവതരിപ്പിച്ച ഓറിയെന്റേഷൻ പേപ്പർ തയ്യാറാക്കപ്പെട്ടത്. ഈ മീറ്റിംഗിനെ തുടർന്ന് വ്യക്തിസഭകളുടെ കൂട്ടായ്മയാണ് കത്തോലിക്കാസഭ എന്ന ദൈവശാസ്ത്ര വീക്ഷണം കൂടുതൽ പ്രബലപ്പെടുകയും അതിന് ഭാരതത്തിലെ മൂന്നു വ്യക്തിസഭകളുടെ കൂട്ടായ്മയിലുള്ള പ്രസക്തിയും പ്രാധാന്യവും പല തലങ്ങളിൽ ചർച്ച ചെയ്യപ്പെടുകയും ചെയ്തു. ഇപ്രകാരമുള്ള ദൈവശാസ്ത്രവികസനത്തിന് കളമൊരുക്കിയ പല സംഭവങ്ങളും പിന്നീട് ഉണ്ടായി. 1978 ൽ അന്ന് ചങ്ങനാശ്ശേരി മെത്രാപ്പോലീത്താ ആയിരുന്ന അഭിവന്ദ്യ ആന്റണി പടിയറ പിതാവിനെ കേരളത്തിനു പുറത്തുള്ള സീറോ മലബാർ സഭാംഗങ്ങളുടെ അജപാലന സ്ഥിതിവിശേഷം വിലയിരുത്തി റിപ്പോർട്ട് സമർപ്പിക്കാൻ 'അപ്പസ്തോലിക് വിസിറ്റർ' ആയി ജോൺ പോൾ ഒന്നാമൻ മാർപാപ്പ നിയമിച്ചു. അഭിവന്ദ്യ പടിയറ പിതാവിന്റെ റിപ്പോർട്ടിൽ അദ്ദേഹം തിരുസിംഹാസനത്തിനു നല്കിയ നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുന്നതിനെതിരായി ഇന്ത്യയിലെ ലത്തീൻ മെത്രാന്മാർ തടസ്സങ്ങൾ ഉന്നയിച്ചു. അതുകൊണ്ട് മൂന്നു വ്യക്തിസഭകളിലെയും മെത്രാന്മാർ ഉൾക്കൊള്ളുന്ന സിബിസിഐ മീറ്റിംഗിൽ ഈ വിഷയം ചർച്ച ചെയ്യാൻ റോമിൽ നിന്നും മെത്രാന്മാരോട് ആവശ്യപ്പെട്ടു. തദനുസൃതം 1982 ജനുവരിയിൽ തൃശിനാപ്പള്ളിയിൽ വച്ച് കൂടിയ സിബിസിഐ പൊതുസമ്മേളനത്തിൽ മൂന്നു വ്യക്തിസഭകളെയും പ്രതിനിധീകരിച്ച് ഈ വിഷയത്തെ സംബന്ധിച്ചുള്ള പ്രബ





ന്ധങ്ങൾ അവതരിപ്പിക്കപ്പെട്ടു. ഓരോ സഭയ്ക്കും അജപാലനശുശ്രൂഷയ്ക്കും സുവിശേഷപ്രഘോഷണത്തിനുമുള്ള അവകാശങ്ങളും ഉത്തരവാദിത്വങ്ങളും അവയ്ക്കുള്ള ദൈവശാസ്ത്രപരമായ അടിസ്ഥാനങ്ങളും ഈ മീറ്റിംഗിൽ ചർച്ചാ വിഷയമായി.

**സഭാന്തര കമ്മീഷൻ:** സിബിസിഐ മീറ്റിംഗിനെ തുടർന്ന് പ്രശ്നപരിഹാരം കണ്ടെത്തുവാൻ മെത്രാന്മാരും ദൈവശാസ്ത്രജ്ഞന്മാരുമുൾപ്പെട്ട ഒരു സഭാന്തര കമ്മീഷൻ നിയമിക്കപ്പെട്ടു. ഈ കമ്മീഷന്റെ മീറ്റിംഗ് 1983 ഓഗസ്റ്റ് 23 മുതൽ 26 വരെ ബോംബെ ഗോറെഗോൺ സെമിനാരിയിൽ വച്ച് നടത്തി. ഇതിൽ അജപാലനശുശ്രൂഷയുടെയും സുവിശേഷപ്രഘോഷണത്തിന്റെയും കാര്യത്തിൽ ഇന്ത്യയിലെ മൂന്നു വ്യക്തിസഭകളുടെയും അവകാശങ്ങളും ഉത്തരവാദിത്വങ്ങളും പരസ്പരം അംഗീകരിക്കണമെന്നുള്ളത് വ്യക്തമായി. പക്ഷേ, ലത്തീൻസഭയുടെ പ്രതിനിധികൾ പൊതുതത്ത്വം അംഗീകരിച്ചെങ്കിലും ഇന്ത്യയിലെ സാഹചര്യം ഒരു പ്രത്യേക സാഹചര്യമായി പരിഗണിക്കണമെന്നും ഒരേ സ്ഥലത്ത് ലത്തീൻ സഭാസംവിധാനവും പൗരസ്ത്യ സഭാസംവിധാനങ്ങളും ഒന്നിച്ചു വരുന്നത് വിഭജനങ്ങളും പ്രശ്നങ്ങളും സൃഷ്ടിക്കുമെന്നുമുള്ള തങ്ങളുടെ നിലപാടിൽ ഉറച്ചുനിന്നു. സംസ്ക്കാരങ്ങളുടെയും മതങ്ങളുടെയും വൈവിധ്യം ഉൾക്കൊള്ളുന്ന ഭാരതത്തിൽ സഭകളുടെ ഐക്യത്തിലുള്ള വൈവിധ്യം ഒരു പ്രശ്നവും ഉണ്ടാക്കുകയില്ല എന്ന നിലപാടിൽ പൗരസ്ത്യസഭാ കമ്മീഷൻ അംഗങ്ങളും ഉറച്ചുനിന്നു.

1985 ഒക്ടോബറിൽ റോമിൽ വച്ചു നടന്ന അസാധാരണ സിനഡിൽ ഇന്ത്യൻ സഭാന്തര പ്രശ്നങ്ങൾ അവതരിപ്പിക്കപ്പെട്ടു. 1986 ലെ ഇന്ത്യാസന്ദർശനവേളയിൽ പരിശുദ്ധ പിതാവ് ജോൺ പോൾ രണ്ടാമൻ മാർപാപ്പ, ഇന്ത്യയിലെ അന്തർസഭാ പ്രശ്നപരിഹാരത്തിന് രണ്ടാം വത്തിക്കാൻ കൗൺസിൽ നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ ശരിയായ പ്രായോഗിക നടപടികൾ കൈക്കൊള്ളുമെന്ന് ഉറപ്പു നല്കി. അതിന്റെ ആദ്യഫലമാണ് ബോംബെ, പൂനാ, നാസിക് എന്നീ ലത്തീൻ രൂപതകളിലുള്ള സീറോ മലബാർ സഭാംഗങ്ങൾക്കു വേണ്ടിയുള്ള കല്യാൺ രൂപതയുടെ സ്ഥാപനം. സീറോ മലബാർ, സീറോ മലങ്കര സഭകളിൽ പിന്നീട് ഉണ്ടായ വികസനങ്ങൾ സാർവ്വത്രികസഭ വ്യക്തിസഭകളുടെ കൂട്ടായ്മയാണ് എന്ന സഭാവിജ്ഞാനീയ വീക്ഷണം കത്തോലിക്കാസഭയിൽ അംഗീകരിക്കപ്പെട്ടു എന്നതിന്റെ പ്രത്യക്ഷോദാഹരണങ്ങളാണ്. ഈ വീക്ഷണം സഭയുടെ വളർച്ചയ്ക്കും സഭൈക്യത്തിനും കൂടുതൽ സഹായകമായി തീരുമെന്നതിന് സംശയമില്ല.


**പരി. പിതാവിന്റെ ആഹ്വാനം:** ഈ ചരിത്രമുഹൂർത്തത്തിൽ ഇന്ത്യയിലെ കത്തോലിക്കാ സഭാമേലദ്ധ്യക്ഷന്മാരെ അഭിസംബോധന ചെയ്തുകൊണ്ട് ഫ്രാൻസിസ് മാർപാപ്പ സന്ദേശം നല്കി. ബഹുമുഖത്വമുള്ള ഇന്ത്യയിലെ വിശ്വാസിസമൂഹങ്ങൾ അതിദ്രുതം പാരമ്പര്യത്തിന്റെ പാതയിൽ മുന്നേറുന്നതിൽ അദ്ദേഹം സംതൃപ്തി പ്രകടിപ്പിച്ചു. നാനാത്വത്തിൽ ഏകത്വമെന്ന പൗരസ്ത്യസഭയുടെ അടിസ്ഥാനലക്ഷണം പാരമ്പര്യത്തിന്റെയും സംസ്കാരത്തിന്റെയും വിശ്വാസതീക്ഷ്ണതയുടെയും പിന്തുടർച്ചയായി പാലിക്കപ്പെട്ടു പോകുന്നതിനുള്ള ഉത്തരവാദിത്വത്തെ ഓർമ്മിപ്പിച്ചുകൊണ്ടുള്ളതായിരുന്നു മാർപാപ്പയുടെ സന്ദേശം. "ക്രിസ്തുശിഷ്യനായ വിശുദ്ധ തോമാശ്ലീഹായാൽ സ്ഥാപിതമായ ഇന്ത്യയിലെ സഭയ്ക്ക് വിശ്വാസാനുഷ്ഠാനങ്ങൾക്കു വ്യത്യസ്ത റീത്തുകൾ ലഭിച്ചിരിക്കുന്നു എന്നതുതന്നെ അതിന്റെ ശക്തിയും മനോഹാരിതയുമാണ്. പരസ്പരപൂരകമായി നിലകൊണ്ട് സഹായഹസ്തം പ്രദാനംചെയ്ത് വളരുന്ന വിശ്വാസിസമൂഹങ്ങളെ ഈ ശൈലിയിൽ കൂടുതൽ ആഴത്തിൽ സേവിക്കേണ്ടതിന്റെ ആവശ്യകത മാർപാപ്പ ഉദ്ബോധിപ്പിക്കുന്നു" (ദീപിക, 11 ഒക്ടോബർ 2017).

ശരിയായ കാഴ്ചപ്പാടുകൾക്കനുസൃതമായി വിശ്വാസപരിശീലനരംഗങ്ങളിലും അജപാലനശുശ്രൂഷാരംഗങ്ങളിലും സുവിശേഷവൽക്കരണ ദൗത്യനിർവ്വഹണരംഗങ്ങളിലും ഒരു പൗരസ്ത്യ വ്യക്തിസഭ എന്ന നിലയിൽ അതിന്റെ തനിമ നിലനിർത്തിക്കൊണ്ട് സാർവ്വത്രിക സഭാകൂട്ടായ്മയിൽ വർത്തിക്കുവാൻ ഈ ചരിത്രനിമിഷം സീറോ മലബാർ സഭാമക്കൾക്ക് നിർണായകമാണ്. ●




# ഓ... ഒരു വാക്കിന്റെ ശക്തി ഇത്രയുമോ?






**നിർമ്മൽ മരിയ മങ്ങാട്ട്**

**തു**ടർ പഠനത്തിന് അലസത കടന്നുകൂടിയപ്പോൾ 2002 – ൽ ഒരു വ്യക്തിയിലൂടെ ശക്തിപ്പെടുത്തിയ വാക്കുകളാണ് ഇവിടെ ചേർത്തിരിക്കുന്നത്. 15 വർഷം പിന്നിട്ടിട്ടും അതു നഷ്ടപ്പെടുത്താതെ പ്രാർത്ഥനാപുസ്തകത്തിൽ സൂക്ഷിച്ചതിനു പിന്നിലെ കാരണം ആ വാക്ക് അത്രമാത്രം എന്റെ ജീവിതത്തെ, പഠനത്തെ സ്വാധീനിച്ചു എന്നതാണ്.

നാക്കും, വാക്കും ഇത്രമാത്രം സ്വാധീനിക്കുമോ? ഒരുവനെ വളർത്താൻ, അവനെ ആത്മവിശ്വാസത്തിന്റെ തലത്തിലൂടെ കടത്തി, വിജയത്തിന്റെ കൊടുമുടിയിലെത്തിക്കുവാൻ നാവിൽ നിന്നുതിരുന്ന ഒരു ചെറു വാക്കു മതി... യാക്കോബ് ശ്ലീഹാ തന്റെ ലേഖനത്തിന്റെ 3–ാം അദ്ധ്യായം 5 മുതൽ 10 വരെയുള്ള വാക്യങ്ങളിൽ പറയുന്നു: "നാവ് വളരെ ചെറിയ അവയവമാണ്... നാവ് തീയാണ്.... അത് ശരീരം മുഴുവനെയും മലിനമാക്കുന്നു... നാവ് പ്രകൃതിചക്രത്തെ മുഴുവൻ ചുട്ടു പഴുപ്പിക്കുന്നു... നാവ് അനിയന്ത്രിതമായ തിന്മയും മാരകമായ വിഷവുമാണ്".

പല കുടുംബ പ്രശ്നങ്ങളിലും വില്ലന്റെ റോൾ നിർവഹിക്കുക ഈ 'ചെറു' സാധനമാണ്. ഒരു സ്ത്രീ തന്റെ അമ്മയെക്കുറിച്ച് പറഞ്ഞതിപ്രകാരമാണ്: "എന്റെ പൊന്നോ... കഴുത്തിനു ചുറ്റോടുചുറ്റും നാക്കാണ്. ഒരു ചെറിയ കാര്യംപോലും അംഗീകരിക്കാൻ തയ്യാറല്ല. തെറ്റുപറ്റിയാൽ 'ഈഗോ' സമ്മതിക്കേണ്ടേ



## പ്രതീക്ഷയുടെ പൂമൊട്ടുകൾ

ഒന്നു താണുകൊടുക്കുവാൻ.... ഞാൻ പിടിച്ച മുയലിന് പണ്ട് 3 കൊമ്പ് ആയിരുന്നു. ഇപ്പോൾ അത് 'പത്ത്' ആയി ഉയർന്നിരിക്കുന്നു. ഒരു രക്ഷയുമില്ല... കച്ചിത്തുറുവിന് തീയിട്ടപോലെയാ... രാവിലെ തുടങ്ങും..."

വാക്കുകൾക്ക് വ്യക്തികളെയും വസ്തുക്കളെയുമൊക്കെ ഭസ്മമാക്കിക്കളയാൻ മാത്രം ശക്തിയുണ്ട് എന്നത് വലിയൊരു സത്യംതന്നെയാണ്. ഒരു ദ്വീപിൽ വസിക്കുന്ന ആദിവാസികൾ അവർക്കാവശ്യമില്ലാത്ത മരങ്ങൾ ഉണക്കിക്കളയാൻ ചെയ്തിരുന്ന ഒരു മന്ത്രം ഉണ്ട്. അത് മറ്റൊന്നുമല്ല. ഏതു മരം ഉണക്കിക്കളയണമോ ആ മരത്തിനു ചുറ്റും ആദിവാസികൾ വട്ടം കൂടും. അതിനുശേഷം അവരൊന്നാകെ ഈ മരത്തിനു നേരെ അസഭ്യവാക്കുകൾ, ശാപവാക്കുകൾ വർഷിക്കുകയാണ്. അത്ഭുതമെന്നു പറയട്ടെ താമസിയാതെ മരം ഉണങ്ങുന്ന കാഴ്ച കാണാം.



പ്രിയമുള്ളവരേ, സങ്കീ. 39-ൽ പറയുന്നു "നാവുകൊണ്ട് പാപം ചെയ്യാതിരിക്കാൻ ഞാൻ എന്റെ വഴികൾ ശ്രദ്ധിക്കും... എന്റെ നാവിന് ഞാൻ കടിഞ്ഞാണിടും''. പ്രഭാ 14,1-ൽ പറയുന്നു: "വാക്കിൽ പിഴയ്ക്കാത്തവൻ അനുഗൃഹീതൻ''. പ്രഭാ 22,27 ''എന്റെ വായ്ക്ക് കാവൽക്കാരനും എന്റെ ചുണ്ടുകളിൽ വിവേകത്തിന്റെ മുദ്രയും ഉണ്ടായിരുന്നെങ്കിൽ, ഞാൻ വീഴുകയോ നാവുമൂലം നശിക്കുകയോ ചെയ്യുകയില്ലായിരുന്നു". പ്രഭാ 23, 8 "പാപിയുടെ പതനത്തിനു കാരണം അവന്റെ ചുണ്ടുകളാണ്, ചീത്ത പറയുന്നവന്റെയും അഹങ്കാരിയുടെയും വീഴ്ചയ്ക്കു കാരണം നാവുതന്നെ".

പ്രഭാ 28, 25-ൽ വീണ്ടും പറയുന്നു, "വാക്ക് അളന്നുതൂക്കി ഉപയോഗിക്കുക, വായ്ക്ക് വാതിലും പൂട്ടും നിർമ്മിക്കുക".

വചനം ഓർമ്മിപ്പിക്കുന്നതുപോലെ നാവിനെയും വാക്കിനെയും കടിഞ്ഞാണിട്ട് നിയന്ത്രിക്കാം. അനുഗ്രഹിക്കുന്നതിനായി മാത്രമാവട്ടെ ഇവയുടെ ഉപയോഗം. 'ചെറു'നാവുകൊണ്ട് അപരന്റെ കുറവുകളെ ഉയർത്തിക്കാട്ടാൻ എനിക്കെന്തു മേന്മയാണുള്ളത്?... 'ചെറു'നാവുകൊണ്ട് നാം ഉണക്കിക്കളഞ്ഞ വ്യക്തികളെയും സ്ഥാപനങ്ങളെയും കുരിശോടു ചേർത്തുനിർത്തി അനുഗ്രഹത്തിന്റെ നിറവ് നൽകണമേ എന്നു പ്രാർത്ഥിക്കാം... അപരനിൽ നിറവുണ്ടാകാൻ അനുഗ്രഹിക്കുന്ന നാവിനും വാക്കിനും ഉടമകളാവാം. യാക്കോബ്ശ്ലീഹാ 3-ാം അദ്ധ്യായം 9,10 വാക്യങ്ങളിലൂടെ നമ്മെ ഓർമ്മപ്പെടുത്തുന്നത് മനനം ചെയ്ത് വിശുദ്ധിയിൽ മുന്നേറാം. നമുക്കു പ്രാർത്ഥിക്കാം.. ദൈവമേ, സംസാരത്തിൽ തെറ്റു പറ്റാതിരിക്കാൻ എന്റെ നാവിനെ നിയന്ത്രിക്കണമേ, ആമ്മേൻ.



# നാളെയെക്കുറിച്ച് ഉൽക്കണ്ഠപ്പെടാതിരിക്കുക



**സുജ ചോതിരക്കുന്നേൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

"ഞങ്ങൾക്കാവശ്യമുള്ള ആഹാരം ഇന്നു ഞങ്ങൾക്കു തരണമേ". ഈശോ പഠിപ്പിച്ച പ്രാർത്ഥനയാണിത്. നാളെയെക്കുറിച്ചുള്ള ചിന്തയോ, നാളേയ്ക്ക് വേണ്ടിയുള്ള അപേക്ഷയോ അതിലില്ല. അതതു ദിവസത്തിന്റെ പ്രസക്തിയും, പ്രാധാന്യവുമാണ് ആ പ്രാർത്ഥന വെളിപ്പെടുത്തുന്നത്. അപ്പോൾ ഓരോ പുതുദിവസവും നിത്യതയുടെ ഒരംശമായി നമുക്കു ലഭിക്കുന്നു.

ഇന്നത്തെ ദിവസം നമുക്കു മുൻപ് ലഭിച്ചിട്ടില്ല. ഇനിയും ഒരിക്കലും അതു ലഭിക്കുകയുമില്ല. തിരിച്ചു വരാതെ അതു കടന്നുപോകുന്നു. ഓരോ ദിവസവും അതിൽതന്നെ അതുല്യമാണ്. ഓരോന്നിനും അനുഷ്ഠിക്കേണ്ട കർമ്മങ്ങളും, ധർമ്മങ്ങളുമുണ്ട്. അവ മാറ്റിവയ്ക്കാവുന്നവയല്ല. എബ്രഹാം ലിങ്കൺ പറഞ്ഞു: "ഒരുവൻ സന്തോഷവാനാകുവാൻ ഇച്ഛിക്കുന്നതുപോലെ മാത്രമേ അയാൾക്കു സന്തോഷം ലഭിക്കുകയുള്ളു. നമ്മുടെ മനസ്സിനും ഇച്ഛാശക്തിക്കുമുള്ള പങ്ക് വളരെ വലുതാണ്.

ഓരോ ദിവസവും സന്തോഷപ്രദവും, അർത്ഥപൂർണവുമാക്കുവാൻ നമുക്കു സാധിക്കണം. അത് ഇന്നലെയുടെ നൈരാശ്യംകൊണ്ടും നാളെയുടെ ഉത്ക്കണ്ഠകൊണ്ടും ഇരുളടഞ്ഞതാകാൻ നാമനുവദിച്ചുകൂടാ. നമ്മുടെ മുമ്പിലുള്ളത് ഇന്നുമാത്രം. ഇന്നു നമുക്കു ഭയരഹിതമായി ജീവിക്കാം. സുന്ദരമായതിനെ ആസ്വദിക്കാം. ഉൽകൃഷ്ടമായതിൽ ആനന്ദിക്കാം. മനസ്സിനെ കലുഷിതമാക്കുന്നവ ഒന്നും



പ്രതീക്ഷയുടെ
## പൂമൊട്ടുകൾ

കടന്നുവരാതെ സൂക്ഷിക്കാം. ഇന്നു നമുക്കു നമ്മുടെ ചുറ്റുപാടുകളുമായി പൊരുത്തപ്പെടാൻ ശ്രമിക്കാം. നമ്മുടെ ഭവനം, നമ്മുടെ ജോലി, നമ്മുടെ സഹപ്രവർത്തകർ, നമ്മുടെ സമ്പർക്കങ്ങൾ ഇവ നമ്മുടെ താല്പര്യങ്ങൾക്കനുസരണമായി ഭേദപ്പെടുത്തുക സാധ്യമല്ല. നാം അവയോടുപൊരുത്തപ്പെട്ട് ജീവിതം സന്തോഷപ്രദമാക്കാനേ നിവൃത്തിയുള്ളു.

ഇന്ന് ഒന്നിനെപ്പറ്റിയും മുറുമുറുക്കുകയോ പരാതിപ്പെടുകയോ ഇല്ല എന്ന് സ്വയം തീരുമാനിക്കണം. മറ്റുള്ളവരിൽ നന്മ കണ്ടാൽ അഭിനന്ദിക്കാനും, കുറ്റം കണ്ടാൽ സ്നേഹബുദ്ധ്യാ വിലയിരുത്തുവാനും ശ്രമിക്കുക. അക്ഷമയും അങ്കലാപ്പും പ്രകടിപ്പിക്കാതെയും കർത്തവ്യങ്ങളിൽനിന്ന് ഒഴിഞ്ഞുമാറാതെയും പ്രവർത്തനനിരതരാകുവൻ കഴിയണം. ഇന്നത്തെ ദിവസം ഒരു നിമിഷംപോലും പാഴാക്കാൻ അനുവദിച്ചുകൂടാ. അലസമായ മനസ്സ് പിശാചിന്റെ പണിപ്പുരയാണ്. അതിനാൽ പ്രയോജനപൂർണ്ണമായവയിൽ മനസ്സ് വ്യാപരിക്കട്ടെ. അല്പസമയം പ്രശാന്തമായി ദൈവസന്നിധിയിൽ ഇരിക്കുവാൻ ശ്രമിക്കുക. ആ അദൃശ്യശക്തിയുമായി ബന്ധപ്പെടുവാൻ കഴിയട്ടെ. ഇത് ഇന്നത്തെ മാത്രമല്ല എല്ലാ ദിവസത്തേയും അനുഭവമാക്കിതീർക്കാം.

***ദൈവത്തിൽനിന്ന് നിത്യമായി വേർപെട്ടിരിക്കുന്ന അവസ്ഥയെ നമ്മുടെ വിശ്വാസം "നരകം" എന്നു വിളിക്കുന്നു. ദൈവത്തിന്റെ മുഖത്ത് വ്യക്തമായി സ്നേഹം കണ്ടിട്ടും അതാഗ്രഹിക്കാതെ ഏതു വ്യക്തിയും, അതിനു പകരമായി ഈ അവസ്ഥ ഉണ്ടായിരിക്കാൻ സ്വതന്ത്രമായി തീരുമാനിക്കുകയാണ്.*** YOUCAT 53

## ദൈവദാസൻ വില്യം ജക്വീൻതാ പിതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന

സ്നേഹം തന്നെയായ ദൈവമേ/സകല നന്മകളുടേയും ദാതാവായ പിതാവേ/രക്ഷകനായ മിശിഹായേ/വിശുദ്ധിയുടെ അരൂപിയേ/മനുഷ്യകുലത്തോടുള്ള അവിടുത്തെ അനന്തമായ സ്നേഹത്താൽ/വിശുദ്ധിയിലേക്കുള്ള ക്ഷണം അങ്ങ് നിരന്തരം ആവർത്തിച്ചുകൊണ്ടിരിക്കുന്നുവല്ലോ./അവിടുത്തെ ദാനങ്ങൾ/ദൈവദാസനായ വില്യം ജക്വീന്താ പിതാവിൽ വിളങ്ങി പ്രശോഭിക്കുവാൻ ഇടയാക്കിയതിനെ ഓർത്ത്/ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു./അദ്ദേഹം അവിടുത്തെ പുത്രന്റെ അളവറ്റ സ്നേഹം ധ്യാനിക്കുകയും/വിശുദ്ധിയിലേക്കുള്ള സാർവ്വത്രിക വിളിയുടെ അക്ഷീണ പ്രേഷിതനാവുകയും ചെയ്തുവല്ലോ./അങ്ങ് തിരുമനസ്സാകുന്നുവെങ്കിൽ/അദ്ദേഹത്തിൽ അവിടുത്തെ മഹത്ത്വം വെളിപ്പെടുത്തണമെന്നും അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യം വഴിയായി ഞങ്ങൾ അപേക്ഷിക്കുന്ന ഈ കൃപ/....................ഞങ്ങൾക്കു നൽകണമെന്നും അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

**പ്രാർത്ഥന ആവശ്യപ്പെടാനും ലഭിച്ച അനുഗ്രഹങ്ങൾ സാക്ഷ്യപ്പെടുത്താനും അന്വേഷണങ്ങൾക്കും**

**Apostolic Oblates**
Spirituality Centre,
Manganam P.O.,
Kottayam - 686 018
Tel. 0481-2578192

# കുഞ്ഞിക്കിളിയും കൂട്ടുകാരും



**അനിത ആത്രശേരിയിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

പ്രകൃതി കനിഞ്ഞനുഗ്രഹിച്ച താഴ്‌വരയിൽ അതിമനോഹരമായ ഒരു പൂന്തോട്ടം. ആരിലും ആകർഷണമുണർത്തുന്ന പൂന്തോപ്പിലേക്ക് ഒന്നു കണ്ണോടിച്ചാൽ കാണാം നയനമനോഹരമായ പുഷ്പലതാദികളും പച്ചക്കുട നിവർത്തി നിൽക്കുന്ന കുറ്റിച്ചെടികളും അവിടവിടെയായി ഫലവൃക്ഷങ്ങളും. ഇളംതെന്നൽ മൂളിപ്പാട്ടുപാടി ഓരോന്നിനെയും തൊട്ടു തലോടുന്നു. കുളിർമ്മയേകുന്ന തലോടലിൽ പുളകിതരായി ചാഞ്ചക്കമാടുന്നു. തേൻവണ്ടുകളും ചിത്രശലഭങ്ങളും




കുഞ്ഞിക്കിളികളുമെല്ലാം യഥേഷ്ടം തേനുണ്ടും സല്ലപിച്ചും കളിയാടുന്നു. എന്നും വസന്തം വിരാജിക്കുന്ന ആ ഉദ്യാനത്തിന്റെ ഒരു കോണിലതാ - താളം പിഴച്ച താരാട്ടുപോലെ ഒരു അപസ്വരം - ഒരു പിറുപിറുക്കൽ. കളിയും ചിരിയും മറന്ന് വിഷാദമൂകമായ ഞരങ്ങലും മൂളലും. ഇതു കണ്ട കുഞ്ഞിക്കിളി പെട്ടെന്ന് കൊഞ്ചിക്കുഴഞ്ഞ് - കിന്നരംപാടി പറന്നെത്തി. ഇന്നെന്താ ചങ്ങാതിമാരെ - ഇവിടൊരു പരിഭവമയം - ങ്ഹേ! എന്തുപറ്റി? തെന്നലുവന്നു വല്ല ഏഷണിയും പറഞ്ഞുവോ? ചെമ്പരത്തി മെല്ലെ കണ്ണു തിരുമ്മിക്കൊണ്ട് മറുപടി പറഞ്ഞു: തെന്നലിന്ന് ഇവിടെത്തീലാ - അതിനിവിടെ ഇണക്കത്തിന് പകരം പിണക്കാ ഉള്ളത്. ദേ കണ്ടില്ലേ, കുശുമ്പിമുല്ല കണ്ണടച്ചിരിക്കണെ: വല്യ ശണ്ഠയായിരുന്നിവിടെ. കുഞ്ഞിക്കിളി കുറ്റിമുല്ലയോടു ചോദിച്ചു. എന്താ സുഗന്ധിമുല്ലേ, വല്ലാത്ത മൗനം? കുറ്റിമുല്ലയ്ക്കൊരാശ്വാസം. ചെമ്പരത്തിയുടെ പ്രയോഗം അത്രയ്ക്ക് കുഞ്ഞിക്കിളി വിശ്വസിച്ചിട്ടില്ല: 'ഞാനെന്തു പറയാനാ. ഇന്നലെ പൂജയ്ക്ക് പൂവിറുക്കാൻ അവരു വന്നപ്പോൾ എന്നെ നോക്കി പറഞ്ഞു: 'ഇതിവിടെ നട്ടിട്ട് ഇതുവരെ ഒരു മാലയ്ക്കുള്ള പൂവുപോലും തന്നിട്ടില്ല. എന്തുവന്നാലും നിരാശ ബാക്കി. ഇതു പറഞ്ഞ് ചെമ്പരത്തിയുടെ പൂവിറുത്ത് അവരുപോയി. അപ്പോൾ തുടങ്ങിയതാ അഹങ്കാരി ചെമ്പരത്തി എന്നെ കളിയാക്കാൻ. അവളാണത്രെ പൂജാരിക്കുള്ള പൂക്കളെല്ലാം കൊടുക്കുന്നത്. പൂജയ്ക്കിത്ര സ്വീകാര്യമായി ഞാനവളിലൊന്നും കണ്ടില്ല. ഒരു സുഗന്ധവുമില്ല. ദേ... നിക്കണ കണ്ടില്ലേ, ഒരു ദേശം മുഴുവൻ കയ്യടക്കീട്ട്. എനിക്കൊന്നു ശ്വാസം വിടാൻപോലും പറ്റുന്നില്ല. ഞാൻ അവളോടു പറഞ്ഞു, എന്നെ കണ്ടു പഠിച്ചേ, അധികം സ്ഥലം വേണ്ട - കണ്ടാൽ കുരുടാണെങ്കിലും എന്റെ മൊട്ടുണർന്നാൽ നാടെങ്ങും പരിമളം. മംഗല്യത്തിനും മറ്റു മംഗളകർമ്മങ്ങൾക്കും ഞാൻ കഴിഞ്ഞേ മറ്റെല്ലാത്തിനും സ്ഥാനമുള്ളു.

അങ്ങനെ മുല്ലയും ചെമ്പരത്തിയും അവനവന്റെ ഗുണഗണങ്ങൾ വർണ്ണിക്കുകയും അപരന്റെ ദോഷഗണങ്ങൾ പുലമ്പുകയുമാണ്. ചെമ്പരത്തി പറഞ്ഞു: ഇവള്, കുറ്റിമുല്ല പറയുവാ, നാളെ മധുവുണ്ണാൻ തെന്നലിങ്ങു വരുമ്പോൾ ഞാൻ പറയും ചെമ്പരത്തിയെ ശക്തമായി വീശി, ആടിയുലച്ച് നിലംപരിശാക്കണെമെന്ന്. അതാ, എനിക്കൊട്ടും പിടിക്കാത്തത്. ഇതുപറയാൻ ഇവളാരാ... ഈ കൊച്ചുകുറ്റി? മുല്ലയും വിട്ടില്ല. അവളു പറഞ്ഞു, ഇന്നലെ സ്നേഹം ഭാവിച്ച് എന്റെ ഓരം ചേർന്നു നിന്ന് ചെമ്പരത്തി പറയ്വാ, നിന്നെ കണ്ടാൽ ഒരു ചന്തവുമില്ല. നിറയെ ഇലയില്ല. ഉണ്ടെങ്കിൽതന്നെ നിന്നെപ്പോലെ പൊടിയായിട്ടുള്ളത്... എന്നെ കണ്ടു പഠിക്ക്... നിറയെ ഇലകളാ. കൂന്തൽ മിനുക്കാൻ പെൺകൊടികൾ കൊതിയോടെയാ എന്റെ ഇലകളിറുത്തുകൊണ്ടുപോകുന്നത്...

കുഞ്ഞിക്കുരുവിക്ക് തോന്നി ഇങ്ങനെപോയാൽ ഇവരിലാരും തോൽക്കില്ല. ജയിക്കേം ഇല്ല. അതുകൊണ്ട് ഇടയ്ക്കു കയറി കുഞ്ഞിക്കിളി പറഞ്ഞു: "നോക്കിക്കേ, നിങ്ങളു രണ്ടുപേരും ഒരു യജമാനന്റെ തോട്ടത്തിലാ ജീവിക്കുന്നത്. വളമിടുന്നതും ജലം തരുന്നതും അവനാ. നിങ്ങളെ പ്രതീക്ഷയോടെ കരുതലോടെ പരിപാലിക്കുന്ന യജമാനൻ നിങ്ങളെ രണ്ടുപേരെയും സ്നേഹിക്കുന്നുണ്ട്. ആരും ഒട്ടും കുറവുള്ളവരല്ല. ഒരാൾക്ക് മറ്റെയാളേക്കാൾ കൂടുതലവകാശവുമില്ല. യജമാനന്റെ ഔദാര്യമോർത്ത് സന്തോഷത്തിലും സമാധാനത്തിലും ഒരുമയിലും പോകാൻ ശ്രമിക്ക്. ദേ, നിങ്ങൾക്കറിയോ അപ്പുറത്ത് റോസയും ചെത്തിയും ചെമ്പകവുമെല്ലാം നിങ്ങളെക്കുറിച്ച് അടക്കം പറഞ്ഞ് കളിയാക്കി ചിരിക്ക്വാ.. അതുകൊണ്ട് ഇന്നലെകളിൽ ഉണ്ടായിരുന്ന സഹകരണത്തോടെ ക്ഷമിച്ചും കൂട്ടുകൂടിയും കളിച്ചു



ചിരിപ്പിച്ചും നല്ല സാന്നിധ്യം കൊടുക്ക്. ഒരാൾ പരിമളം പരത്തുമ്പോൾ, മറ്റേയാൾ മധു കൊടുക്ക്... വിരുന്നുണ്ണാൻ, മധുവുണ്ണാൻ വരുന്ന കൊച്ചുകൂട്ടുകാർ കൊതിയോടെ വരട്ടെ. ശരിയാ കുഞ്ഞിക്കിളി പറഞ്ഞത്, ഞങ്ങളിനി അങ്ങനെ ആകാം. നമുക്കിവിടം എന്നും വസന്തകാലമാക്കി ഉദ്യാനപാലകനെ സന്തോഷിപ്പിക്കാം. നിനക്കില്ലാത്ത സുഗന്ധം എനിക്കുണ്ടല്ലോ, എനിക്കില്ലാത്ത ഇലക്കൊഴുപ്പും നിറവർണ്ണവും നിനക്കുമുണ്ട്. പരസ്പരം പൂരകമായി ഇവിടെ വർണ്ണ മഴവില്ലണിയിച്ചൊരുക്കാം...

കുഞ്ഞിക്കിളിയും ചെമ്പരത്തിയും മുല്ലയുംപോലെ നമ്മിലും ഈ ഭാവങ്ങളെല്ലാം ഉറങ്ങുന്നുണ്ട്. സാഹചര്യം കിട്ടുമ്പോൾ ഉണരുന്നുമുണ്ട്. പ്രപഞ്ചസ്രഷ്ടാവ് സൃഷ്ടികൾക്ക് മകുടമായി നമ്മെ സൃഷ്ടിച്ചു - തിരുസ്സഭയാകുന്ന ഉദ്യാനത്തിൽ നട്ടുപിടിപ്പിച്ചിരിക്കുന്നു. അവിടെ ഒരു ഭവനത്തിൽ - ഒരു വിദ്യാലയത്തിൽ - ഇടവകയിൽ - സമൂഹത്തിൽ അംഗമാക്കി മാറ്റിയിരിക്കുന്നു. കൊച്ചുജീവിതം മറ്റുള്ളവർക്ക് അനുഗ്രഹമായി, അനുഭവമായി തീരാൻ അഹങ്കാരവും സ്വാർത്ഥതയും വെടിഞ്ഞ് സഹിഷ്ണുതയോടെ വർത്തിക്കാം. ചെറുതും വലുതുമായ സഹായങ്ങളേകി സഭയാകുന്ന ആരാമത്തെ കൂടുതൽ മനോഹരമാക്കാം... സഹജീവികളോട് കാരുണ്യം കാണിക്കാം... കരുതലോടെ, ചെറിയവരെ - ദരിദ്രരെ - ആവശ്യമുള്ളവരെ കാണാം, കരം കൊടുക്കാം. പരിശുദ്ധാത്മ ചൈതന്യത്തോടെ സ്നേഹത്തിൽ, പരമാവധി സ്നേഹത്തിൽ, ആണെന്നുറപ്പുവരുത്താം.

പുണ്യങ്ങളുടെ നിറവ് അഴകായും
എളിമയുടെ നനവ് ബലമായും
കൂദാശകളുടെ കരുത്ത് കോട്ടയായും
വചനത്തിന്റെ സമൃദ്ധി സമ്പത്തായും
കരുതാം ഒന്നായ് ഒരുമയോടെ
എന്നാളിലും എവിടെയും.

***ത്രിത്വാത്മക ദൈവത്താൽ സ്പർശിക്കപ്പെടാൻ സ്വയം അനുവദിക്കുമ്പോഴെല്ലാം നാം സ്നേഹത്തിൽ വളരുന്നു. വിശുദ്ധരും സമഗ്രതയും ഉള്ളവരും ആകുന്നു. വിശുദ്ധർ സ്നേഹിക്കുന്നവരാണ്. അവർക്ക് നന്നായി സ്നേഹിക്കാൻ കഴിയുന്നതുകൊണ്ടല്ല; ദൈവം അവരെ തൊട്ടതുകൊണ്ടാണ് അപ്രകാരം ആയിരിക്കുന്നത്. തങ്ങൾ ദൈവത്തിൽനിന്നു സ്വീകരിച്ച സ്നേഹം അവർ മറ്റുള്ളവരിലേക്ക്, സ്വന്തമായ രീതിയിൽ, മിക്കപ്പോഴും അതുല്യമായ രീതിയിൽ, പകർന്നു നൽകി. ദൈവം ഒരിക്കൽ അവരെ സ്വവസതിയിലേക്ക് സ്വീകരിച്ചാൽ അവരും സഭയെ വിശുദ്ധീകരിക്കും. എന്തെന്നാൽ - വിശുദ്ധിയിലേക്കുള്ള വഴിയിൽ നമ്മെ പിന്താങ്ങിക്കൊണ്ട് അവർ തങ്ങളുടെ "സ്വർഗജീവിതം ചെലവഴിക്കുന്നു."***

YOUCAT 132




**ജൂലി വന്യംപറമ്പിൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**ഒന്നാം ദിവ്യരഹസ്യം:** നസ്രത്തിലെ പരി. കന്യകയെ നമുക്കു ധ്യാനിക്കാം.

പരിശുദ്ധ ദൈവമാതാവേ, നസ്രത്തിലെ നിശബ്ദതയിൽ, മറയപ്പെടലിൽ, അങ്ങ് ആനന്ദിച്ചുവല്ലോ. അവിടുത്തെപ്പോലെ ഞങ്ങളും പരിശുദ്ധാത്മാവിൽ സന്തോഷിക്കുകയും പ്രാർത്ഥിക്കുകയും ജീവിക്കുകയും ചെയ്യുന്നവരാകുവാൻ അമ്മ ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ. *1 സ്വർഗ, 1 നന്മ, 1 ത്രിത്വ.*

**രണ്ടാം ദിവ്യരഹസ്യം:** ബേത്‌ലഹേമിലെ പരി. കന്യകയെ നമുക്കു ധ്യാനിക്കാം.

പരിശുദ്ധ ദൈവമാതാവേ, തിരുവചനത്തിനു ഹൃദയവും ഉദരവും നൽകുവാൻ അങ്ങ് മനസ്സായല്ലോ. അവിടുത്തെപ്പോലെ ഞങ്ങളും വചനത്തെ അറിയുന്നവരും ധ്യാനിക്കുന്നവരുമായിത്തീരുവാൻ അമ്മ ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ. *1 സ്വർഗ, 1 നന്മ, 1 ത്രിത്വ.*

**മൂന്നാം ദിവ്യരഹസ്യം:** ഈജിപ്തിലേക്കു പലായനം ചെയ്യപ്പെട്ട പരി. കന്യകയെ നമുക്കു ധ്യാനിക്കാം.

പരിശുദ്ധ ദൈവമാതാവേ, എന്തുകൊണ്ട് എന്ന മറുചോദ്യം ഉന്നയിക്കാതെ ശാന്തതയിൽ അങ്ങ് ദൈവേഷ്ടം പിൻചെന്നുവല്ലോ. അവിടുത്തെപ്പോലെ ഞങ്ങളും ദൈവകരങ്ങളിൽ ഇണക്കമുള്ളവരാകുവാൻ അമ്മ ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ. *1 സ്വർഗ, 1 നന്മ, 1 ത്രിത്വ.*

**നാലാം ദിവ്യരഹസ്യം:** കാൽവരിയിലേക്ക് ഈശോയോടൊപ്പം നടന്ന പരി. കന്യകയെ നമുക്കു ധ്യാനിക്കാം.

പരിശുദ്ധ ദൈവമാതാവേ, രക്ഷാകര രഹസ്യം പൂർത്തിയാക്കുവാൻ തന്റെ പുത്രനോട് അങ്ങ് അടുത്തു സഹകരിച്ചുവല്ലോ. അവിടുത്തെപ്പോലെ ഞങ്ങളും ഈശോയോടൊപ്പം നടന്ന് രക്ഷയുടെ ഉപകരണങ്ങളായി തീരുവാൻ അമ്മ ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ. *1 സ്വർഗ, 1 നന്മ, 1 ത്രിത്വ.*

**അഞ്ചാം ദിവ്യരഹസ്യം:** സെഹിയോൻ ശാലയിൽ ശിഷ്യർക്ക് സ്ഥൈര്യം പകർന്ന പരി. കന്യകയെ നമുക്കു ധ്യാനിക്കാം..

പരിശുദ്ധ ദൈവമാതാവേ, ഭീതിപൂണ്ട ശിഷ്യരെ പ്രാർത്ഥനയുടെ തണലിൽ പരിശുദ്ധാത്മാവിൽ ഒന്നിപ്പിക്കുവാൻ അങ്ങ് കാരണമായല്ലോ. അവിടുത്തെപ്പോലെ ഞങ്ങളും തിരുസഭയോടുചേർന്ന് ദൈവത്തെ മഹത്ത്വപ്പെടുത്തുവാൻ അമ്മ ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ. *1 സ്വർഗ, 1 നന്മ, 1 ത്രിത്വ.*

**നമുക്കു പ്രാർത്ഥിക്കാം:** പരിശുദ്ധ ദൈവമാതാവേ, ആത്മാവിലും ശരീരത്തിലും പരിശുദ്ധി കാത്തുസൂക്ഷിച്ചവളേ, പരിശുദ്ധാത്മാവിന്റെ ആലയമാണ് ഞങ്ങൾ എന്ന അവബോധത്തിൽ അനുദിനം വളർന്നുവരുവാനും അവിടുത്തെപ്പോലെ ദൈവപിതാവിന്റെ പ്രിയമക്കളും പരിശുദ്ധാത്മാവിന്റെ സജീവ ആലയങ്ങളുമായി ഈ ലോകത്തിൽ അശുദ്ധിക്കെതിരെ ഒരു കെടാവിളക്കായി പ്രശോഭിക്കുവാൻ ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ. ആമ്മേൻ.



വിശുദ്ധിയുടെ മാതൃകയായ
മറിയത്തിന്റെ
വിമലഹൃദയമേ: വിശുദ്ധരാകാമെന്ന
പ്രത്യാശ ഞങ്ങൾക്ക് നല്കണമേ.

# Spirituality Centre Programme

## November

| | |
|---|---|
| 04 | Social Animators |
| 11 | School of Bible |
| 14 | Bible Study Forum |
| 14-15 | Cenacle Gathering (sodales&Aspirants) |
| 18 | Recollection for Oblates |

RNI: KERMAL/2014/59983
Published on
24th October 2017

PRATHEEKSHAYUDE POOMOTTUKAL
(Malayalam Monthly)

Registered: KL/KTM/72/2015-17
Licence No: KL/CR/KTM/WPP-43/2015-17
Licensed to post without prepayment

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

ഞങ്ങളുടെ കർത്താവേ ഞങ്ങളുടെ ദൈവമേ,
തീർത്ഥാടകരായ ഞങ്ങൾ തിരുസഭയാകുന്ന
നൗകയിൽ കൂദാശകളാൽ പരിപോഷിതരായി
സമാധാനത്തിന്റെ തുറമുഖമായ നിന്നിൽ എത്തിച്ചേരു
വാൻ ഇടയാക്കണമേ. തിരുരക്തത്താൽ കഴുകി വെടിപ്പാക്കിയ
തിരുസഭയെ നിന്റെ മഹത്ത്വത്തിലേക്ക് ആനയിക്കുമ്പോൾ
അവളുടെ വിജയത്തിൽ ആനന്ദിക്കുവാനും നന്ദിനിറഞ്ഞ
ഹൃദയത്തോടെ നിനക്ക് കൃതജ്ഞതയർപ്പിക്കുവാനും
ഞങ്ങളെ യോഗ്യരാക്കണമേ. ആമ്മേൻ
(എന്നാനാ, പള്ളിക്കൂദാശാക്കാലം-വെള്ളി)

Printed, Published & Owned by Annamma Kulathupurayidom, Spirituality Centre, Manganam P.O, Kottayam - 686 018, Printed at WiGi Printers, Manganam P.O, Kottayam - 686 018, Ph:0481- 2570862, Email; wigipress @ gmail. com and Published at Spirituality Centre, Manganam P.O, Kottayam - 686 018,Ph:0481- 2578192, Email; psmktm @ gmail com.
Editor : Fr. Mathew Vellanickal